# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കീഴരിയൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി1/1640/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20

ഫോൺ. 0495-2371012

E-mail: dokkd.ksad@kerala.gov.in

തീയ്യതി : 20.09.2017

ഡപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

കീഴരിയൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.കെ.ഡി/പി1/1640/2017 തീയതി: 20.09.2017

## കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29.12.2016 മുതൽ 31.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. സി. രാജൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 31.7.2017 മുതൽ 5.8.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. എ. കെ. ബാലസുബ്രഹ്മണ്യൻ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. ഇ .വി. ഹരി | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. എ. സെഡ്. ഡാനിഷ് | ഓഡിറ്റർ |
| | | ശ്രീ. കെ .വി. ശ്രീജിത്ത് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ. പി. ഗോപാലൻ നായർ | 1.4.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീമതി. ടി. കെ. ഉഷ | 1.4.2016മുതൽ 31.5.2016വരെ |

| | | |
|---|---|---|
| | | |
| | ശ്രീമതി. കെ. വി. സുനിലകുമാരി | 1.6.2016മുതൽ1.8.2016വരെ |
| | ശ്രീ. കെ. കെ. കൃഷ്ണകുമാർ | 2.8.2016മുതൽ 17.9.2016വരെ |
| | കെ. സുന്ദരരാജൻ | 18.9.2016മുതൽ 8.12.2016വരെ |
| | ശ്രീ. പി. സുരേഷ് | 9.12.2016മുതൽ 31.3.2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. എസ്. സന്തോഷ് കുമാർ | 1.4.2016മുതൽ 20.8.2016വരെ |
| | ശ്രീമതി. ഉഷ | 21.8.2016മുതൽ 31.8.2016വരെ |
| | ശ്രീമതി. പി. സിനി | 1.9.2016മുതൽ 31.3.2017വരെ |
| കൃഷി ഓഫീസർ | ശ്രീ. കെ. കെ. അബ്ദുൾ ബഷീർ | 1.4.2016മുതൽ 31.3.2017വരെ |
| വെറ്ററിനറി സർജ്ജൻ | ശ്രീ. കെ. ടി. മുസ്തഫ | 1.4.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ ( ആയുർവേദം ) | ഡോ. ഷംസുദ്ദീൻ | 1.4.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ ( ഹോമിയോ ) | ഡോ. രാജീവ് ജി. നായർ | 1.4.2016മുതൽ 31.3.2017വരെ |
| വി. ഇ. ഒ | ശ്രീമതി. ഷിനില. വി. ബി | 1.4.2016മുതൽ 22.8.2016വരെ |
| | ശ്രീമതി. ജി. കെ. ഗ്രീഷ്മ | 23.8.2016മുതൽ 31.3.2017വരെ |
| ഐ. സി. ഡി. എസ് സൂപ്പർവൈസർ | ശ്രീമതി. പി. സുഭാഷിണി | 1.4.2016 മുതൽ16.11.2016വരെ |

| | | |
|---|---|---|
| | | |
| | ശ്രീമതി. കെ. ജമീല | 17.11.2016മുതൽ31.3.2017വരെ |
| മെഡിക്കൽ ഓഫീസർ ( പി. എച്ച്. സി ) | ഡോ. യു. കെ. ജയരാജൻ | 1.4.2016മുതൽ 30.4.2016 വരെ |
| | ഡോ. അഞ്ജലി | 1.5.2016മുതൽ 26.6.2016 വരെ |
| | ഡോ. നജില | 27.6.2016 മുതൽ12.8.2016 വരെ |
| | ഡോ. വി. വിക്രം | 13.8.2016മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. കെ. വി. സുനിലകുമാരി | 1.4.2016 മുതൽ1.8.2016 വരെ |
| | ശ്രീ. കെ. സുന്ദരരാജൻ | 2.8.2016 മുതൽ 31.3.2017 വരെ |

# ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |

| | | |
|---|---|---|
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 2-1 | വാർഷിക കണക്കുകളുടെ അപാകതകൾ |
| 12 | 2-2 | ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയം-1481 രൂപ നഷ്ടം |
| 13 | 2-3 | രസീറ്റ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കാത്തത് |
| 14 | 2-4 | കെട്ടിട നിർമ്മാണ ലൈസൻസ്-അപാകതകൾ |
| 15 | 2-5 | പുഴപുറമ്പോക്ക് സംബന്ധിച്ച രേഖകൾ ലഭ്യമല്ല. |
| 16 | 2-6 | തൊഴിൽ നികുതി ഈടാക്കിയില്ല. |
| 17 | 2-7 | തൊഴിൽ നികുതി- അപാകതകൾ |
| ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | 3-1 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന വിതരണക്കാരിൽ നിന്നും ആദായ നികുതി, വാറ്റ് എന്നിവ ഈടാക്കിയില്ല. |
| 19 | 3-2 | എഗ്രിമന്റ് വയ്ക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല |
| 20 | 3-3 | പ്രവൃത്തി പൂർത്തിയാക്കാൻ വൈകിയതിന് കരാർ തുകയ്ക്കു പകരം ആകെ പ്രവൃത്തിമൂല്യം അടിസ്ഥാനമാക്കി പിഴ കണക്കാക്കിയതിനാൽ നഷ്ടം |
| 21 | 3-4 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 22 | 3-5 | വനിതാ വ്യവസായ കേന്ദ്രം - ആവശ്യക്കാർക്ക് നൽകാതെ പാഴ് വസ്തുക്കൾ നിക്ഷേപിക്കുന്ന സ്ഥലമായി |
| 23 | 3-6 | നിരക്ക് പാലിക്കാതെ സ്കോളർഷിപ്പ് നൽകി. |
| 24 | 3-7 | എസ് സി പി ഫണ്ട് വിനിയോഗം - മാനദണ്ഡങ്ങൾ പാലിച്ചില്ല |
| 25 | 3-8 | ഇ ടോയ് ലറ്റ് - എ എം സി വച്ചില്ല |
| 26 | 3-9 | ഇമ്മ്യൂണൈസേഷൻ മുറി - തുടർ പ്രോജക്ടുകളില്ലാത്തത് |
| 27 | 3-10 | റോഡ് പ്രവൃത്തി സ്പെസിഫിക്കേഷനിൽ നിന്ന് വ്യതിചലിച്ച്നടത്തുന്നു |

| | | |
|---|---|---|
| 28 | 3-11 | ഇ ടെണ്ടർഫോറം വില പഞ്ചായത്ത്ഫണ്ടിൽ വരവ് വെക്കുന്നില്ല |
| 29 | 3-12 | ആയുർവേദ ഡിസ്പെൻസറി-മുഴുവൻ മരുന്നുകളും ലഭ്യമായില്ല |
| 30 | 3-13 | പണം അടവാക്കിയിട്ടും മരുന്നുകൾ ലഭ്യമാക്കിയില്ല. |
| 31 | 3-14 | തൊഴിൽ രഹിതവേതനം-അപാകതകൾ |
| 32 | 3-15 | നിർവ്വഹണ ഉദ്യോഗസ്ഥനില്ലാത്തതിനാൽ വിദ്യാഭ്യാസ മേഖലയിൽ പ്രോജക്ടുകൾ കുറയുന്നു |
| 33 | 3-16 | പ്രോജക്ടിനായി തുക മറ്റ് സ്ഥാപനങ്ങൾക്ക് നൽകി - പൂർത്തീകരണ വിവരവും വിനിയോഗ വിവരവുമില്ല |
| 34 | 3-17 | വാഹന വാടക – അധിക തുക നൽകി. |
| 35 | 3-18 | പ്രൊക്യൂർമെന്റ് കമ്മിറ്റി- ചുമതലാ നിർവ്വഹണത്തിൽ വീഴ്ച |
| 36 | 3-19 | പദ്ധതി ചെലവ് കുറയുന്നതിനാൽ ബഡ്ജറ്റ് വിഹിതം നഷ്ടപ്പെടുന്നു |
| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 37 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 38 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 39 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 40 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 41 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 42 | 4-6 | ഓഡിറ്റ് റിക്കവറി |
| 43 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 44 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 45 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 46 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 24.3.2017 തിയതിയിലെ 1 ംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട | ലഭിച്ച | അപാകത | അപാകത |
|---|---|---|---|

| തീയതി | തീയതി | പരിഹരിക്കാൻ തിരിച്ചയച്ച തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 17.7.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 2.8.2017 | കെ.എസ്.എ.കെ.കെ.ഡി/പി1 /1640/2017 |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 85,69,499.54

വരവ് - 3,55,54,016

ആകെ - 4,41,23,515.54

ചെലവ് - 3,62,76,717

നീക്കിയിരിപ്പ്- 78,46,798.54

## 1-5 ഫണ്ട് വിനിയോഗം ( എ.സി.ആർ പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് ( ബജറ്റ് പ്രകാരം ) | ആകെ | ചെലവ് ( എ.എഫ്.എസ് പ്രകാരമുള്ള വരവും ചെലവും ) | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 6923064 | 6923064 | 6017007 | 906057 | 87 |
| വികസനഫണ്ട് എസ്.സി.പി. | - | 2672337 | 2672337 | 1879806 | 792531 | 70 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | - | 2836659 | 2836659 | 1258165 | 1578494 | 44 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 2554755 | 2554755 | 1198475 | 1356280 | 47 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 3881936 | 3881936 | 2064235 | 1817701 | 53 |
| പെർഫോമൻസ് ഗ്രാന്റ് | - | 2033213 | 2033213 | 1136053 | 897160 | 56 |
| എം.എൻ.ആർ.ഇ.ജി.എസ്. | 7444 | 16085352 | 16092796 | 16081391 | 11405 | 99 |
| ബി ഫണ്ട് | - | 23635290 | 23635290 | 23635290 | - | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 83 | 27426224 | 58 | 15805052 | 18 | 7 | 70 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2866507 | 2802968 | 65539 | 2 |
| നികുതിയേതര വരവുകൾ | 563761 | 277331 | 286430 | 51 |
| മറ്റുവരവുകൾ | 168759 | 180308 | 11549 | 7 |
| ആകെ | 3599027 | 3260607 | | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 448920 | 275 |
| കർഷകതൊഴിലാളി പെൻഷൻ | 2921290 | 342 |
| വിധവാപെൻഷൻ | 7019580 | 693 |
| വാർദ്ധക്യകാലപെൻഷൻ | 10824335 | 1219 |
| വികലാംഗപെൻഷൻ | 1822025 | 210 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 389140 | 40 |
| വിവാഹ ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.7.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പൊന്നുമില്ലെന്ന് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.5.2017 മുതൽ 31.5.2017 വരെ | 2/2017 മുതൽ 4/2017 വരെ | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.8.2009 | 2004-06 മുതൽ 2008-09 വരെ | 10.2.2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ഗ്രാമ പഞ്ചായത്തിന് ലഭിക്കാനവശേഷിക്കുന്ന / പിരിഞ്ഞു കിട്ടാനുള്ള തുകകളിൽ ലഭ്യത സംശയാസ്പദമായവയ്ക്ക് അക്കൗണ്ട്സ് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരമുള്ള പ്രൊവിഷൻ നൽകിയിട്ടില്ല.

3. സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിലെ 6837 നം. അക്കൗണ്ടിന്റെ 31.3.2017 ലെ റെക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം താഴെപ്പറയുന്ന ചെക്ക് ദീർഘ കാലമായി അക്കൗണ്ടിൽ നിന്നും പിൻവലിക്കപ്പെടാതെയിരിക്കുകയാണ്.

| ചെക്ക് നം / തീയതി | തുക |
|---|---|
| 002968 / 19.8.2015 | 300 |

3 മാസ കാലാവധി കഴിഞ്ഞ മേൽ ചെക്ക് ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടില്ല എന്ന് ഉറപ്പു വരുത്തി വാർഷിക കണക്കുകളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തിയിട്ടില്ല. കൂടാതെ 31.3.2017 ന് മേൽ അക്കൗണ്ടിൽ വരവ് വരാത്ത ചെക്ക് എന്ന ഇനത്തിൽ 366.25 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ വിശദവിവരം ലഭ്യമല്ല.

4. ഗ്രാമ പഞ്ചായത്തിന്റെ ബജറ്റ് , ഫങ്ഷൻ, ഫങ്ഷനറി അടിസ്ഥാനത്തിൽ പുന:ക്രമീകരിച്ച് അംഗീകാരം വാങ്ങി സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയം- 1481 രൂപ നഷ്ടം

കീഴരിയൂർ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ,ഫയലുകൾ , സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ ചേർത്ത പട്ടികയിൽ പറയുന്ന കെട്ടിടത്തിന് ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതായി കാണുന്നു.തന്മൂലം ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ 1481 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

| ക്രമ നം | കെട്ടിട നം. ഉടമയുടെ പേര് | പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരമുള്ള വിസ്തീർണ്ണം | കെട്ടിടത്തിന്റെ യഥാർത്ഥത്തിലുള്ള ഉപയോഗ ക്രമം/ബാധകമായ നികുതി നിരക്ക് | ഈടാക്കിയ നികുതി | സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള ഉപയോഗ ഗണം/ നികുതി നിരക്ക് | ഈടാക്കേണ്ടിയിരുന്ന നികുതി. | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 1 | 1/239 B, രാഘവൻ നായർ,തീയ്യാണ്ടി പൊയിൽ | 92.53 | ഗോഡൗൺ @30 | 2221 | ഇതര വ്യാവസായികാവിശ്യം @50 | 92.53x50=4627 ഇളവ്(മേൽക്കൂര)20% =925 വസ്തുനികുതി=3702 | 1481 |

| | |
|---|---|
| ആകെ | 1481 |

വസ്തു നികുതി പുനർ നിർണ്ണയിച്ച് നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 രസീറ്റ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കാത്തത്

2016-17 സാമ്പത്തിക വർഷത്തെ രസീറ്റ് പരിശോധനയിൽ ശ്രീ.അനിൽ കുമാർ.എസ്,ക്ലാർക്ക് ന് 22.02.2017 ന് അനുവദിച്ച 35632 നമ്പർ രസീറ്റ് ബുക്ക് (സ്റ്റോക്ക് രജിസ്റ്റർ പേജ് 50) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ 1/16-17 4.8.17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ ഓഡിറ്റിന് ഹാജരാക്കാത്ത 35632 നം രസീത് ബുക്കിൽ ഔട്ട് ഡോർ കലക്ഷൻ നടത്തിയിട്ടുണ്ടെന്നും പ്രസ്തുത തുക അതേ ദിവസങ്ങളിൽ അടവാക്കി ആയതിന്റെ രശീത് കലക്ഷൻ രജിസ്റ്ററിൽ സൂക്ഷിച്ചതായും സഞ്ചയ സോഫ്റ്റ് വെയറിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയതായും പറയുന്നു. മേൽ രസീത്ബുക്കിലെ ഒറിജിനൽ രസീതുകൾ പരിശോധിച്ച് വരവു തുക ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-4 കെട്ടിട നിർമ്മാണ ലൈസൻസ്-അപാകതകൾ

2016-17 വർഷത്തെ കെട്ടിടനിർമ്മാണ പെർമിറ്റ് /നിരാക്ഷേപ സാക്ഷ്യപത്രം നൽകലുമായി ബന്ധപ്പെട്ട കെട്ടിടനിർമ്മാണ പെർമ്മിറ്റ് അപേക്ഷാ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 3 ഡി പ്രകാരം ഗ്രാമപഞ്ചായത്ത് കാറ്റഗറി II വിലാണ് ഉൾപ്പെടുന്നത്.കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതുവരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. 2016-17 വർഷത്തിൽ ആകെ 284 അപേക്ഷകളാണ് (രജിസ്റ്റർ പ്രകാരം) ലഭ്യമായിട്ടുള്ളത്. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം 79 അപേക്ഷകൾ മാത്രമാണ് തീർപ്പാക്കിയിട്ടുള്ളത്.

2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14,15 എന്നിവ പ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസങ്ങൾക്കുള്ളിൽ സെക്രട്ടറി സൈറ്റ്/സർവ്വീസ് പ്ലാൻ അംഗീകരിക്കുകയോ, എതെങ്കിലും കാരണങ്ങളാൽ നിരസിക്കുകയാണെങ്കിൽ പ്രസ്തുത വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. പല പേജുകളിലും തീരുമാനമെടുത്തത് സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നുമില്ല. അപേക്ഷ സ്വീകരിച്ചുവോ, നിരസിച്ചുവോ, എന്നുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

മറ്റ് പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം പൂർത്തിയാക്കി സമയ ബന്ധിതമായി തിരിച്ചേൽപ്പിക്കുന്നില്ല.ഉദാ-2020/16, 2036/16 നമ്പർ ഫയലുകൾ.

2. അപേക്ഷകളിൽ സ്വീകരിച്ച തുടർ നടപടികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

ഉദാ:രജിസ്റ്ററിലെ 44-ാം പേജിൽ രേഖപ്പെടുത്തിയ അപേക്ഷകൾ. പ്രസ്തുത അപേക്ഷകൾ അന്വേഷണത്തിന് നൽകിയത് വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രമാണ് രജിസ്റ്ററിലുള്ളത്.

3. പെർമിറ്റ് അപേക്ഷകളിൽ സാങ്കേതിക പരിശോധന നടത്തുന്നതിന് പഞ്ചായത്ത് ചുമതലപ്പെടുത്തിയിരിക്കുന്നത് അസിസ്റ്റന്റ് എഞ്ചിനീയറെയാണ്.എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് വേണ്ടി അപേക്ഷകളിൽ അന്വേഷണം നടത്തുന്ന ഓവർസിയർ പഞ്ചായത്തിന് ലഭ്യമാക്കുന്ന അന്വേഷണ റിപ്പോർട്ടിന്മേൽ അസിസ്റ്റന്റ് എഞ്ചിനീയർ യാതൊരു വിധത്തിലുള്ള സാക്ഷ്യപ്പെടുത്തലുകളും വരുത്തുന്നതായി കാണുന്നില്ല. ഇത് കാരണം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി ഓവർസിയർ സമർപ്പിക്കുന്ന റിപ്പോർട്ടുകളിലെ സാങ്കേതികമായ തെറ്റുകൾ പരിഹരിക്കപ്പെടാത്ത അവസ്ഥയുണ്ടാകുന്നു. ഉദാ : 146/2016-17, പ്രസിഡണ്ട് വടക്കും മുറി എന്നവരുടെ അപേക്ഷയിന്മേൽ അന്വേഷണം നടത്തിയ ഓവർസിയർ കെട്ടിടത്തെ തെറ്റായ ഉപയോഗ ഗണത്തിൽ ഉൾപ്പെടുത്തിയാണ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളത്.പ്രസ്തുത പിഴവ് പരിഹരിക്കപ്പെടാതെയാണ് സെക്രട്ടറിക്ക് ലഭ്യമാക്കിയിട്ടുള്ളത്.

4. കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ

എന്നിവയും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല.

5. ഗ്രാമപഞ്ചായത്തുകളുടെ കെട്ടിട നിർമ്മാണ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർവ്വഹിക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ചെടുത്ത സങ്കേതം സോഫ്റ്റ്‌വെയർ സ്ഥാപനത്തിൽ വിന്യസിച്ചിട്ടില്ല.സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യവും ഉപകരണ ലഭ്യതയും ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിട്ടും സോഫ്റ്റ്‌വെയർ വിന്യസിക്കാത്തത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് 05.08.2017 തീയതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.
അപേക്ഷാ രജിസ്റ്ററിലെ മുഴുവൻ കോളങ്ങളിലും രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.സങ്കേതം സോഫ്റ്റ്‌വെയർ അടിയന്തിരമായി വിന്യസിക്കേണ്ടതും കെട്ടിട നിർമ്മാണ ലൈസൻസ് അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 പുഴ, പുറമ്പോക്ക് സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 218(1) മുതൽ 218(4) വരെയുള്ള വകുപ്പുകൾ പ്രകാരം ആക്റ്റ് നിലവിൽ വരുന്ന തീയതി മുതൽ എല്ലാ ജലമാർഗ്ഗങ്ങളും ,നീരുറവകളും,ജലസംഭരണികളും,നദികളുടെ തടങ്ങളും തീരങ്ങളും ,തടാകങ്ങളും ചെറുകായലുകളും ,നീരുറവകളും കുളങ്ങളും നീർത്തടങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപോകുന്നതുമായ എല്ലാജലവും നീരുറവകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു. മേൽ വകുപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്ന അവകാശങ്ങളും ബാദ്ധ്യതകളും നിർവ്വഹിക്കുന്നതിന് സഹായകമാകും വിധം ഗ്രാമപഞ്ചായത്ത് പുഴപുറമ്പോക്കുകളെ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ തെക്ക്,പടിഞ്ഞാറ് അതിരുകളിലൂടെ ഒഴുകുന്ന അകലാപുഴയിൽ ചെറുതുരുത്തുകളുണ്ട്. തുരുത്തുകളിൽ പലതരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതായി കാണാവുന്നതാണ്.പഞ്ചായത്ത് പരിധിയിലെ തുരുത്തുകളുടെ കൈവശാവകാശം പരിശോധിക്കേണ്ടതാണ്. സ്വകാര്യവ്യക്തികൾ പുഴയോരത്തെ ഭൂമിയോട് ചേർന്ന് സംരക്ഷണ ഭിത്തികൾ നിർമ്മിച്ചതായും കാണുന്നു.ഇപ്രകാരം സംരക്ഷണ ഭിത്തി കെട്ടി വേർതിരിച്ച അതിരുകളുടെ ആധികാരികത പരിശോധിച്ചുറപ്പിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 242-ാം വകുപ്പും 1996ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ആഫീസർമാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടങ്ങൾ പ്രകാരവും റവന്യൂ വകുപ്പിന്റെ സഹായം ലഭ്യമാക്കി, പുഴ പുറമ്പോക്കുകൾ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ അവ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-6 തൊഴിൽ നികുതി ഈടാക്കിയില്ല.

1) 26.02.16ലെ ശ്രീ.ഐസക്ക് ജേക്കബ്,മാനേജിംഗ് ഡയറക്ടർ,പയ്യോളി ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്,കീഴരിയൂർ എന്നവരുടെ 1370/16 നമ്പർ ഡി & ഒ ലൈസൻസ് അപേക്ഷയോടൊപ്പം ഹാജരാക്കിയ സാനിറ്റേഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ ഫോറത്തിൽ ക്രമനമ്പർ 9,10 എന്നിവയിൽ യഥാക്രമം സ്ഥാപനത്തിലെ തൊഴിലാളികളുടെ എണ്ണമായി 8ഉം അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണമായി 4ഉം രേഖപ്പെടുത്തിയിട്ടുണ്ട് .

2) 04.05.16ലെ ശ്രീമതി.അനിത.എ.ടി,മയൂഖം,പന്തലായനി,കൊയിലാണ്ടി എന്നവരുടെ മലയാളം ഇൻഡ്യൻ സർവ്വീസസ് എന്ന സ്ഥാപനം 2471/16,2470/16 എന്നീ നമ്പർ ഡി & ഒ ലൈസൻസ് അപേക്ഷയിൽ ക്രമനമ്പർ15 ൽ ലൈസൻസ് ആവശ്യമായ സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം എന്ന കോളത്തിൽ യഥാക്രമം ഏഴും ഒന്നും രേഖപ്പെടുത്തിയിട്ടുണ്ട് (ഡിമാൻഡ് രജിസ്റ്റർ പേജ് 16 ക്രമനമ്പർ87,88)

3) 23.11.16ലെ ശ്രീമതി.അനിത.എ.ടി,മയൂഖം,പന്തലായനി,കൊയിലാണ്ടി എന്നവരുടെ മലയാളം ഇൻഡ്യൻ സർവ്വീസസ് എന്ന സ്ഥാപനത്തിൻെറ 6000/16,നമ്പർ രേഖപ്പെടുത്താത്ത അപേക്ഷ എന്നീ ഡി & ഒ ലൈസൻസ് അപേക്ഷയിൽ ക്രമനമ്പർ15 ൽ ലൈസൻസ് ആവശ്യമായ സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം എന്ന കോളത്തിൽ രണ്ട് അപേക്ഷകളിലുമായി ആകെ 10 (5+5) എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് (ഡിമാൻഡ് രജിസ്റ്റർ പേജ് 23 ക്രമനമ്പർ127,128)

4) 18.02.16ലെ ശ്രീ.മുഹമ്മദ് ഇസ്മായിൽ മാക്കി,ആനപ്പാറ,ഉണ്ണികുളം എന്നവരുടെ നടുവത്തൂർ സ്റ്റോൺ ക്രഷർ എന്ന സ്ഥാപനം 1392/16 നമ്പർ ഡി & ഒ ലൈസൻസ് അപേക്ഷയിൽ ക്രമനമ്പർ15 ൽ ലൈസൻസ് ആവശ്യമായ സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം എന്ന കോളത്തിൽ 4 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ തൊഴിലുടമ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.മേൽപ്പറഞ്ഞവരിൽ നിന്നും

നിയമാനസൃതമായി തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

## 2-7 തൊഴിൽ നികുതി- അപാകതകൾ

കീഴരിയൂർ പഞ്ചായത്തിലെ 2016-17വർഷത്തെ തൊഴിൽ നികുതി റിട്ടേൺ ,ഡിമാൻഡ് രജിസ്റ്റർ,ഹാജർ ബുക്ക്എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ജീവനക്കാരൻെറപേര് | തസ്തിക,ഓഫീസിന്റെ പേര് | ജോലി ചെയ്ത കാലയളവ് | റിമാർക്ക്സ് |
|---|---|---|---|
| ആതിര ടി.കെ | അക്കൗണ്ടൻെറ്,കുടുബശ്രീ | 01.04.16-31.03.17 | ഒന്നും രണ്ടും അർദ്ധവാർഷിക തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| ജിൻസി പി | പി പി എ | 20.08.16-31.03.17 | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| സിനി.പി | എ ഇ | 31.08.16-31.03.17 | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| ധീരജ് സി.പി | ഓവർസിയർ ഗ്രേഡ് III | 27.10.16-31.03.17 | രണ്ടാം അർദ്ധ വാർഷിക തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| രാജീവൻ ആർ | ക്ലാർക്ക് | 01.10.16-31.03.17 | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| അശ്വതി കെ | ഓവർസിയർ ഗ്രേഡ് I | 15.02.17-31.03.17 | റിട്ടേൺ സമർപ്പിച്ചിട്ടില്ല |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന വിതരണക്കാരിൽ നിന്നും ആദായ നികുതി, വാറ്റ് എന്നിവ ഈടാക്കിയില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിലുള്ള പ്രവൃത്തികൾക്കായി 2016-17 വർഷം താഴെപ്പറയും പ്രകാരമുള്ള സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | വിതരണം ചെയ്ത സ്ഥാപനം | വിതരണം ചെയ്ത സാധനങ്ങൾ | തുക |
|---|---|---|---|---|
| 1 | ഉണിക്യാം കണ്ടി - നടുവിലക്കണ്ടിത്താഴെ ഫുട്ട്പാത്ത് നിർമ്മാണം - <br>വാർഡ് 12 | പയ്യോളി ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | സിമന്റ്, മെറ്റൽ, എം. സാൻഡ് | 2,25,157 |
| 2 | യുവത കോളേജ്<br>ഫുട്ട്പാത്ത് നിർമ്മാണം -<br>വാർഡ് 8 | പയ്യോളി ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | സിമന്റ്, മെറ്റൽ, എം. സാൻഡ്, ക്വാറി വേസ്റ്റ് | 58,703 |

<u>വിതരണം ചെയ്ത സാധനങ്ങളുടെ ഇനം തിരിച്ചുള്ള വിശദ വിവരം</u>

1. <u>ഉണിക്യാം കണ്ടി - നടുവിലക്കണ്ടിത്താഴെ ഫുട്ട്പാത്ത് നിർമ്മാണം - വാർഡ് 12</u>

| ക്രമ നം | ഇനം | ടെണ്ടർ പ്രകാരമുള്ള നിരക്ക് | സപ്ലൈ ചെയ്ത അളവ് |
|---|---|---|---|
| 1 | സിമന്റ് | 8400 / ടൺ | 10.0975 |
| 2 | മെറ്റൽ 40 എം എം | 1400 / എം3 | 16.0095 |
| 3 | മെറ്റൽ 20 എം എം | 1500 / എം3 | 18.2861 |
| 4 | മെറ്റൽ 10 എം എം | 1800 / എം3 | 4.0634 |
| 5 | എം. സാൻഡ് | 4200 / എം3 | 19.79525 |

2. <u>യുവത കോളേജ് ഫുട്ട്പാത്ത് നിർമ്മാണം - വാർഡ് 8</u>

| ക്രമ നം | ഇനം | ടെണ്ടർ പ്രകാരമുള്ള നിരക്ക് | സപ്ലൈ ചെയ്ത അളവ് |
|---|---|---|---|
| 1 | സിമന്റ് | 8400 / ടൺ | 2.28 |
| 2 | മെറ്റൽ 40 എം എം | 1400 / എം3 | 3.64 |
| 3 | മെറ്റൽ 20 എം എം | 1500 / എം3 | 4.13 |
| 4 | മെറ്റൽ 10 എം എം | 1800 / എം3 | 0.92 |
| 5 | എം. സാൻഡ് | 4200 / എം3 | 4.48 |
| 6 | ക്വാറി വേസ്റ്റ് | 935 / എം3 | 8.33 |

മേൽ സാധനങ്ങൾ സപ്ലൈ ചെയ്ത പയ്യോളി ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് ഫോറം 8 ലുള്ള ക്യാഷ് ബിൽ ലഭ്യമാക്കിയിട്ടില്ല. കൂടാതെ പയ്യോളി ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡുമായി വെച്ച കരാറിൽ നിയമാനുസൃതമായ നികുതികൾ ഈടാക്കുന്ന കാര്യം പരാമർശിച്ചിട്ടുമില്ല. ( എഗ്രിമെന്റ് തീയതി 15.3.2017 ) ടിൻ നം. ഉള്ള മേൽ സ്ഥാപനത്തിൽ നിന്നും

ഫോറം 8 ലുള്ള ക്യാഷ് ബിൽ ലഭ്യമാക്കിയിട്ടില്ല. വാറ്റ് ബിൽ സമർപ്പിക്കാത്തതിനാൽ KVAT rules പ്രകാരം മേൽ പറഞ്ഞ സാധനസാമഗ്രികൾ വിറ്റ വകയിൽ കരാറുകാരനിൽ നിന്നും താഴെ പറയുന്ന നിരക്കിൽ വാറ്റ് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതായിരുന്നു.

10mm metal - 14.5%, 20mm metal - 14.5%, 40mm metal - 14.5%, Cement - 14.5%, M-sand - 14.5%, Quarry muck - 14.5%, ആയതു കൊണ്ട തന്നെ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ടിയിരുന്ന നികുതികൾ അടവാക്കപ്പെട്ടിട്ടില്ല. നിയമാനുസൃത ബിൽ ലഭ്യമാക്കാതെ പണം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-2 എഗ്രിമന്റ് വയ്ക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

ജി.ഓ(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതായിരുന്നു. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി /കരാറുകാരൻ | പിഎസിയുടെ 1% ഫൈൻ തുക |
|---|---|---|---|---|
| 1. | നടുക്കണ്ടിമുക്ക് നടുവത്തൂർ ശിവക്ഷേത്രം റോഡ് 50/17അടങ്കൽ 45000 CFC 450000 MGR<br>ചെലവ് 247193 12/16-17 31.3.17<br>കരാർ തുക 494075.88-0.1�low = 494026.47<br>സൈറ്റ് കൈമാറിയത് 16.1.17 | 24.12.16 | 6/AE/LSGD /KZR/16-17 16.1.17<br>ശ്രീനിവാസൻ പി.പി | 4940/- |
| 2 | തറോൽമുക്ക് മരക്കാട്ട് താഴെ റോഡ് 73/16-17 അടങ്കൽ<br>350000 MGR ചെലവ് 350000 3/16-17 10.3.17<br>കരാർ തുക 350000<br>സൈറ്റ് കൈമാറിയത് 17.1.17 | 24.12.16 | 8/AE/LSGD /KZR/16-17 17.1.17<br>രാജു.പി | 3500/- |
| 3 | കുഴിപ്പടന്നയിൽ ചെറുമണാലിൽ റോഡ് 53/16-17 അടങ്കൽ<br>499000 SCPചെലവ് 497560 ബിൽ 5/16-17 24.3.17<br>കരാർ തുക 499000-0.2�low = 498002 | 24.12.16 | 3/AE/LSGD /KZR/16-17 12.1.17<br>രാജു.പി | 4980 |

| | | | | |
|---|---|---|---|---|
| 4 | ചാലിൽ മീത്തൽ കോളനി ഫുട്പാത്ത് 75/16-17 അടങ്കൽ<br>291250 CFCചെലവ് 288342 ബിൽ 11/16-17 31.3.17<br>കരാർ തുക 291250-0.1�low = 290958.75 | 24.12.16 | 3/AE/LSGD /KZR/16-17 8.3.17<br>രജിൽരാജ്.SR | 2910/- |
| 5 | ചാലിൽ തോട്ടത്തുംകുഴി റോഡ് 75/16-17 അടങ്കൽ<br>100000 CFC 399000 MGR ചെലവ് 100000 ബിൽ 7/16-17 24.3.17, 398501 6/16-17 24.3.17,<br>കരാർ തുക 499000-0.1�low = 498501 | 24.12.16 | 7/AE/LSGD /KZR/16-17 17.1.17<br>രാജു.പി | 4985/- |
| 6 | അയ്യൻകാളി റോഡ് കോൺക്രീറ്റിംഗ് 52/16-17 അടങ്കൽ<br>416000 SCP ചെലവ് 416000 ബിൽ 10/16-17 31.3.17,<br>കരാർ തുക 416000 | 24.12.16 | 4/AE/LSGD /KZR/16-17 13.1.17<br>രാജു.പി | 4160/- |
| | | | | 25475 |

കരാർ വെക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. 25475/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 3-3 പ്രവൃത്തി പൂർത്തിയാക്കാൻ വൈകിയതിന് കരാർ തുകയ്ക്കു പകരം ആകെ പ്രവൃത്തിമൂല്യം അടിസ്ഥാനമാക്കി പിഴ കണക്കാക്കിയതിനാൽ നഷ്ടം

പ്രോജക്ട് - അംഗൻവാടി ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ 2/17

നിർവ്വഹണം അസി.എഞ്ചിനീയർ

അടങ്കൽ 190699 MG(NR)

ചെലവ് 94882/- ബിൽ 4/16-17 17.3.17

കരാറുകാരൻ സി.എം.മാധവൻ

സെലക്ഷൻ നോട്ടീസ് തിയ്യതി 29.9.15

എഗ്രിമെന്റ് 18/15-16 1.10.15

സ്ഥലം കൈമാറിയത് 1.10.2015

എംബുക്ക് 10/15-16

ആകെ പ്രവൃത്തിമൂല്യം 320974

കരാർ തുക 499000 – (14627 LS+7.1% below 35429)= 448944

കായക്കുൽ താഴെ അംഗൻവാടിക്ക് മുകളിൽ ഹാൾ ഉണ്ടാക്കി മേൽക്കൂര ഷീറ്റ് ഇടുന്നതിനും വശത്ത് ഒരു ഇരുമ്പ് ഗോവണി നിർമ്മിക്കുന്നതിനുമാണ് പ്രോജക്ട്. 2015-16 ൽ 41/16 നമ്പറായി ആരംഭിച്ച മേൽ പ്രോജക്ടിന് റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും 499000 രൂപയാണ് വകയിരുത്തിയത്. പ്രോജക്ട് പ്രകാരം 31.3.2016 നകം പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നു. എംബുക്ക് പ്രകാരം 8.12.15 ന് ആരംഭിച്ച പ്രവൃത്തി അവസാനിച്ചത് 9.9.16 നാണ്. പ്രവൃത്തി വൈകിയതിന് പിഴ ഒഴിവാക്കുവാൻ കരാറുകാരൻ കത്തു നല്കിയെങ്കിലും ഭരണസമിതി 17.2.17 ലെ ഒന്നാം തീരുമാനപ്രകാരം പിഴ ഒഴിവാക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

ആദ്യ മൂന്ന് മാസത്തേക്ക് 1% വും രണ്ടാമത്തെ മൂന്ന് മാസത്തിന് 2% വും കണക്കാക്കി ആകെ പ്രവൃത്തി മൂല്യമായ 320974 രൂപയുടെ 3% തുകയായ 9629/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുണ്ട്. 2012 -ലെ പുതുക്കിയ പിഡബ്ല്യുഡി മാന്വൽ പ്രകാരം ആകെ കരാർ തുകയാണ് പിഴ കണക്കാക്കാൻ അടിസ്ഥാനമാക്കേണ്ടത്. ഈ രീതിയിൽ കണക്കാക്കിയാൽ കരാർ തുകയായ 448944 രൂപയുടെ 3% തുകയായ (ആദ്യ എക്സ്റ്റൻഷന് 1% വും രണ്ടാമത്തെ എക്സ്റ്റൻഷന് 2% വും) 13468/- രൂപയാണ് പിഴയായി ഈടാക്കേണ്ടിയിരുന്നത്. കരാർ തുകയ്ക്കു പകരം ആകെ പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ പിഴ കണക്കാക്കിയതിനാൽ പഞ്ചായത്തിന് 3839/- രൂപയുടെ നഷ്ടമുണ്ടായി.

മേൽ അപാകതയ്ക്ക് വിശദീകരണം നൽകിയിട്ടില്ല. 3839/- രൂപ ഉത്തരവാദിയായവരിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്

## 3-4 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1. വാങ്ങലുകളിൽ നടപടിക്രമം പാലിച്ചില്ല.

| | |
|---|---|
| പ്രൊ.നം & പേര് | 30/2017-പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്കും ഉപകേന്ദ്രങ്ങളിലേക്കും ഫർണ്ണിച്ചറും ഉപകരണങ്ങളും വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- | മെഡിക്കൽ ഓഫീസർ,പ്രാഥമികാരോഗ്യ കേന്ദ്രം |
| അടങ്കൽ | 102000(സംരക്ഷണ ഗ്രാന്റ്- റോഡിതരം) |
| ചെലവ് | 55700 (ബിൽ നം. 12/2016-17.തീയതി.28.03.2017) |

കീഴരിയൂർ ഗ്രാമപഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്കും ഉപകേന്ദ്രങ്ങളിലേക്കും ഫർണ്ണിച്ചർ, ആശുപത്രി ഉപകരണങ്ങൾ ,ഫാൻ എന്നിവ വാങ്ങി നൽകി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം മേൽ വസ്തുക്കൾ ക്വൊട്ടേഷൻ നടപടികളിലൂടെ വാങ്ങൽ നടത്തിയതായി കാണുന്നു. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

13.12.2016 തീയതിയിലെ പ്രക്യൂർമെന്റ് കമ്മിറ്റിയുടെ 1(4) നമ്പർ തീരുമാന പ്രകാരം ഫർണ്ണിച്ചർ , ക്വൊട്ടേഷൻ / ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്നും റേറ്റ് കോൺട്രാക്ട് മുഖേന വാങ്ങിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. പ്രൊജക്ട് പ്രകാരവും വാങ്ങൽ നടപടികൾക്ക് ഇതേ രീതി അവലംബിക്കുന്നതിനാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി ഫർണ്ണിച്ചറുകൾ 18.02.2017 തീയതിയിൽ ക്വൊട്ടേഷൻ ക്ഷണിച്ച് (ക്വൊട്ടേഷൻ പരസ്യ നം-29/2017) ടോപ് മോസ്റ്റ് ,കൊയിലാണ്ടി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി സ്റ്റോക്കിലെടുത്തതായി കാണുന്നു. ക്വൊട്ടേഷൻ പരസ്യത്തിലോ സ്ഥാപനങ്ങൾ

സമർപ്പിച്ച ക്വൊട്ടേഷൻ സ്റ്റേറ്റ്മെന്റിലോ ഫർണ്ണിച്ചറിന്റെ വിശദാംശങ്ങൾ നൽകിയതായി കാണുന്നില്ല. ടോപ്മോസ്റ്റ് കൊയിലാണ്ടി, അലങ്കാർ പയ്യോളി, അറഫ കടലൂർ എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ ക്വൊട്ടേഷനുകൾ വിശകലനം ചെയ്ത് താരതമ്യ റിപ്പോർട്ട് തയ്യാറാക്കിയതായും കാണുന്നില്ല. ഇക്കാരണത്താൽ ക്വൊട്ടേഷൻ സമർപ്പിച്ച സ്ഥാപനങ്ങൾ ഒരേ ഇനത്തിലുള്ള അലമാര,മേശ ,കസേര എന്നിവയ്ക്ക് തന്നെയാണോ റേറ്റ് ക്വോട്ട് ചെയ്തിരിക്കുന്നത് എന്ന വസ്തുത പരിശോധിച്ചുറപ്പിക്കാനായിട്ടില്ല. അവ്യക്തമായ ക്വൊട്ടേഷൻ പരസ്യത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ വാങ്ങലുകളിൽ മത്സരം ഉറപ്പ് വരുത്തി ലാഭം ഉറപ്പാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല.

പദ്ധതി പ്രകാരം 18000 രൂപ ചെലവഴിച്ച് ബി.പി.അപ്പാരറ്റസ് (₹ 2000x3),ഓട്ടോക്ലേവ് (₹ 12000x1) എന്നിവ സപ്ലൈകോ എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയതായി കാണുന്നു.08.11.2010 തീയതിയിലെ ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വലിൽ മതിപ്പ് വില ₹ 5000 മുതൽ ₹ 49999 വരെയുള്ള വാങ്ങലുകൾക്ക് ക്വൊട്ടേഷൻ മാർഗ്ഗം തെരഞ്ഞെടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഉപകരണങ്ങൾ നേരിട്ട് വാങ്ങിയ നടപടി വിശദീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രൊ.നം & പേര് | 31/2017-പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പ്രാഥമികാരോഗ്യ കേന്ദ്രം |
| അടങ്കൽ | 60000(സംരക്ഷണ ഗ്രാന്റ്- റോഡിതരം) |
| ചെലവ് | 59665 (ബിൽ നം. 9/2016-17.തീയതി.23.03.2017) |

13.12.2016 തീയതിയിലെ പ്രക്യൂർമെന്റ് കമ്മിറ്റിയുടെ 1(4) നമ്പർ തീരുമാന പ്രകാരം കമ്പ്യൂട്ടർ,സ്കാനർ,പ്രിന്റർ എന്നിവ ക്വൊട്ടേഷൻ / ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങിക്കുന്നതിന് (റേറ്റ് കോൺട്രാക്ട്) തീരുമാനമെടുത്തിരുന്നു. എന്നാൽ കമ്പ്യൂട്ടർ, സ്കാനർ,പ്രിന്റർ എന്നിവ ക്വൊട്ടേഷൻ ക്ഷണിച്ച് വാങ്ങുകയാണുണ്ടായിട്ടുള്ളത്.പദ്ധതി പ്രകാരമുള്ള വാങ്ങൽ നടപടികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

i)കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവ വാങ്ങിക്കുന്നതിന് ആധാരമാക്കിയ സ്പെസിഫിക്കേഷൻ വ്യക്തമല്ല.

ii)സൗജന്യമായി ലഭിക്കുന്ന ലിനക്സ് അധിഷ്ഠിത ഓപ്പറേറ്റിംഗ് സിസ്റ്റം ഉപയോഗപ്പെടുത്താതെ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിനായി തുക ചെലവഴിച്ചതായി കാണുന്നു.

iii)പദ്ധതി പ്രകാരം സ്കാനിംഗ് ജോലികൾ നിർവ്വഹിക്കാവുന്ന വിവിധോദ്ദേശ പ്രിന്ററും അതിന് പുറമെ ഒരു സ്കാനറും വാങ്ങിയതായി കാണുന്നു.താരതമ്യേന ക്ലറിക്കൽ ജോലികൾ കുറവുള്ള സ്ഥാപനത്തിന്റെ ആവശ്യത്തിലേക്കായി സ്കാനർ ഓപ്ഷനുള്ള പ്രിന്ററിന് പുറമെ 4990 രൂപ ചെലവഴിച്ച് മറ്റൊരു സ്കാനറും വാങ്ങിയതായി കാണുന്നു. ആയതിന്റെ അനിവാര്യത വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. അനാവശ്യമായി സ്കാനർ വാങ്ങിക്കുന്നതിനായി ചെലവഴിച്ച ₹ 4990 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

2. പെയിൻ & പാലിയേറ്റീവ്- പദ്ധതി പ്രവർത്തനങ്ങളിലെ വീഴ്ചകൾ.

| | |
|---|---|
| പ്രൊ.നം & പേര് : | 28/2017- പെയിൻ & പാലിയേറ്റീവ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- | മെഡിക്കൽ ഓഫീസർ,പ്രാഥമികാരോഗ്യ കേന്ദ്രം |
| അടങ്കൽ- | ₹ 448324(ജനറൽ) |
| ചെലവ് - | ₹ 135000 (ബിൽ നം. 7/2016-17.തീയതി.08.03.2017)<br>₹ 45074 (ബിൽ നം. 2/2016-17.തീയതി.02.12.2016)<br>₹ 25300 (ബിൽ നം. 4/2016-17.തീയതി.24.01.2017) |

| | |
|---|---|
| | ₹ 22600 (ബിൽ നം. 3/2016-17.തീയതി.17.12.2016)<br>₹ 33900 (ബിൽ നം. 10/2016-17.തീയതി.23.03.2017)<br>₹ 28900 (ബിൽ നം. 5/2016-17.തീയതി.25.02.2017)<br>₹ 27100 (ബിൽ നം. 13/2016-17.തീയതി.31.03.2017)<br>ആകെ.₹ 448324. |

29.10.2015 തീയതിയിലെ സ.ഉ.(സാധാ) നം.3217/2015/ത.സ്വ.ഭ.വ നമ്പർ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ഉത്തരവ് ഖ.2.6.7 , ഉപഖണ്ഡിക 2,3 എന്നിവ പ്രകാരം ഹോമിയോ ,ആയുർവേദ മരുന്നുകൾ ആവശ്യമുള്ള രോഗികൾക്ക് അടുത്തുള്ള ആയുർവേദ ,ഹോമിയോ ആശുപത്രികൾ മുഖേന ആയത് ലഭ്യമാക്കേണ്ടതാണെന്നും ആശുപത്രിയിൽ സ്റ്റോക്കില്ലാത്ത അവശ്യ മരുന്നുകൾ പാലിയേറ്റീവ് പരിചരണ പദ്ധതിയിലുൾപ്പെടുത്തി വാങ്ങേണ്ടതാണെന്നും വ്യക്തമാക്കുന്നു.2016-17 വർഷത്തിൽ ആയുർവേദ ആശുപത്രിയിലേക്ക് 300000 രൂപ ചെലവഴിച്ച് മരുന്നുകൾ വാങ്ങിയിട്ടുണ്ട്.ആയുർവേദ മരുന്നുകൾ ആശുപത്രിയിൽ ലഭ്യമായിരുന്ന സാഹചര്യത്തിലും പാലിയേറ്റീവ് പരിചരണ പദ്ധതിയിലുൾപ്പെടുത്തി ഔഷധിയിൽ നിന്നും 115000 രൂപ ചെലവഴിച്ച് അവശ്യ ഗണത്തിൽ ഉൾപ്പെടാത്ത ആയുർവേദ മരുന്നുകൾ വാങ്ങിയതായി കാണുന്നു.യഥാർത്ഥ ലക്ഷ്യങ്ങളിൽ നിന്നും പദ്ധതി പ്രവർത്തനങ്ങളിലുണ്ടാകുന്ന ഇത്തരം വ്യതിയാനങ്ങൾ ഭീമമായ ചെലവിന് കാരണമാവുകയും പദ്ധതിയിലെ അനിവാര്യമായ മറ്റ് പ്രവർത്തനങ്ങൾ ഫണ്ടിന്റെ അപര്യാപ്തത മൂലം തടസ്സപ്പെടുകയും ചെയ്യുന്നു. ഉദാ: മുപ്പത്തഞ്ചോളം രോഗികൾക്ക് ഫിസിയോ തെറാപ്പിസ്റ്റിന്റെ തുടർ സേവനങ്ങൾ ആവശ്യമുണ്ടായിരുന്നു.എന്നാൽ ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഒരു ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിച്ച് സേവനം ലഭ്യമാക്കുന്നതിന് സാധിച്ചില്ല.

പാലിയേറ്റീവ് കെയർ നഴ്സിന്റെ ഹോണറേറിയവും , പാലിയേറ്റീവ് കെയർ വാഹനത്തിന്റെ ഡ്രൈവറുടെ വേതനവും അലോട്ട്മെന്റ് ലഭിക്കാത്ത കാരണത്താൽ മുടക്കം വരാറുണ്ടെന്ന് പാലിയേറ്റീവ് കെയർ നഴ്സ് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ജി.ഒ(ആർ.ടി)3217/2015 ത.സ്വ.ഭ.വ തീയ്യതി 29.10.2015 പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ ഖണ്ഡിക 2.10.3 പ്രകാരം ഹോംകെയർ പ്രവർത്തനം മുടക്കം കൂടാതെ സുഗമമായി നടക്കുന്നുണ്ടെന്ന് പി.എം.സികൾ ഉറപ്പാക്കണം .ഹോം കെയർ ടീമിലെ സന്നദ്ധപ്രവർത്തകർക്കുള്ള ഭക്ഷണം ,പാലിയേറ്റീവ് കെയർ നഴ്സിനുള്ള ഹോണറേറിയം , വാഹനവാടക മുതലായ ചെലവുകളുടെ പേമെന്റ് കൃത്യമായി നൽകേണ്ടത് ഹോംകെയറിന്റെ വിജയത്തിന് അത്യാവശ്യമാണ്.ഓരോമാസത്തെയും ഇത്തരം പേമെന്റുകൾ അടുത്തമാസം 10 -ാം തീയ്യതിക്കുമ്പായി നിർബന്ധമായും നൽകേണ്ടതാണ്.പ്ലാൻ ഫണ്ടിന്റെ താത്കാലികമായ അപര്യാപ്തത പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ അടിയന്തിര ചെലവുകൾ എച്ച്.എം.സി ഫണ്ടിൽ നിന്നും നിർവ്വഹിക്കേണ്ടതും ഫണ്ട് ലഭ്യമാകുന്ന മുറക്ക് ആയത് തിരികെ നൽകേണ്ടതുമാണ്.

പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി ഔഷധിക്ക് കൈമാറിയ 115000 രൂപയിൽ 69239 രൂപയുടെ മരുന്ന് മാത്രമെ ലഭ്യമായിട്ടുള്ളൂ.45761 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.45761 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പദ്ധതി പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന ആംബുലൻസിന്റെ രേഖകൾ പരിശോധിച്ചതിൽ ഇന്ധന ക്ഷമതാപരിശോധന നടത്തിയതായി കാണുന്നില്ല.ഇന്ധനം മുഴുവനായും നിറക്കാതെ ഭാഗികമായാണ് നിറയ്ക്കുന്നത്.അപാകതകൾ പരിഹരിക്കേണ്ടതാണ്.

പദ്ധതി പ്രകാരം സ്റ്റേഷനറികളും രജിസ്റ്ററുകളും വാങ്ങിക്കുന്നതിനായി പണം ചെലവഴിച്ചതായി കാണുന്നു.ഇത്തരം ചെലവുകൾ എച്ച്.എം.സി ഫണ്ടുപയോഗപ്പെടുത്തി വാങ്ങിക്കേണ്ടതും പദ്ധതി തുക അനിവാര്യ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3. <u>മരുന്ന് വാങ്ങൽ-നോൺ അവൈയ്‌ലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.</u>

| | |
|---|---|
| പ്രൊ.നം & പേര് | 32/2017-പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പ്രാഥമികാരോഗ്യ കേന്ദ്രം |
| അടങ്കൽ | 50000(സംരക്ഷണ ഗ്രാന്റ്- റോഡിതരം) |
| ചെലവ് | 50000 (ബിൽ നം. 11/2016-17.തീയതി.23.03.2017) |

പദ്ധതി പ്രകാരം സപ്ലൈകോ ഹോൾസെയിൽ മെഡിസിൻ ഡിവിഷനിൽ നിന്നും 50000 രൂപ ചെലവഴിച്ച് മരുന്ന് വാങ്ങിയിട്ടുണ്ട്.എന്നാൽ പ്രസ്തുത മരുന്നുകൾ ഡിപ്പാർട്ട്മെന്റിൽ നിന്നും വിതരണത്തിന് ലഭ്യമല്ലായിരുന്നു എന്ന് തെളിയിക്കുന്നതിനുള്ള നോൺ അവെയ്ലബിലിറ്റി സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി മരുന്നുകൾ ക്വൊട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങുകയാണുണ്ടായത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 50000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 വനിതാ വ്യവസായ കേന്ദ്രം - ആവശ്യക്കാർക്ക് നൽകാതെ പാഴ് വസ്തുക്കൾ നിക്ഷേപിക്കുന്ന സ്ഥലമായി

പന്ത്രണ്ടാം വാർഡിൽ ഝാൻസി അംഗൻവാടിക്ക് സമീപം വനിതാ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഒരു കെട്ടിടം പണി കഴിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ 'പന്ത്രണ്ടാം വാർഡിലെ അഞ്ച് കുടുംബശ്രീ അംഗങ്ങൾക്ക് കാറ്ററിംഗ് യൂണിറ്റ് നടത്താൻ സ്ഥലം അനുവദിച്ച തരണമെന്ന് ആവശ്യപ്പെട്ട് കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺ അപേക്ഷ സമർപ്പിക്കുകയും 24.3.17 ലെ 6(1) തീരുമാന പ്രകാരം ശ്രീമതി പ്രേമ, വൈസ് പ്രസിഡന്റ് ശ്രീ അബൂബക്കർ, വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ എന്നിവരെ നിയോഗിക്കാനും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കാനും ഭരണ സമിതി നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ ഇക്കാര്യത്തിൽ തുടർ നടപടിയെന്തെങ്കിലുമുണ്ടായതായി രേഖയില്ല. 4.8.2017 ന് ഓഡിറ്റിന്റെ ഭാഗമായി അസി.സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ പ്രസ്തുത കേന്ദ്രം നിർമ്മിച്ചതിനു ശേഷം നാളിതു വരെ ഉപയോഗപ്പെടുത്താതെ പഞ്ചായത്തിൽ നിന്നും മറ്റുമുള്ള പാഴ് വസ്തുക്കൾ ഉപേക്ഷിക്കാനുള്ള സ്ഥലമാക്കി മാറ്റിയതായി കണ്ടു. (ചിത്രം കാണുക)





ലക്ഷക്കണക്കിന് രൂപ മുടക്കി നിർമ്മിച്ച കെട്ടിടം ഉദ്ദേശ ലക്ഷ്യങ്ങൾക്കായി ഉപയോഗപ്പെടുത്താതെ പാഴ് വസ്തുക്കളുടെ സംഭരണ കേന്ദ്രമാക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്. പ്രസ്തുത കെട്ടിടത്തിൽ സംരംഭങ്ങൾ തുടങ്ങാൻ ലഭിച്ച അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്.

## 3-6 നിരക്ക് പാലിക്കാതെ സ്കോളർഷിപ്പ് നൽകി.

| | |
|---|---|
| പ്രൊ.നം & പേര് : | 20/2017-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും യാത്രാബത്തയും(ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- | ഐ.സി.ഡി.എസ് സൂപ്പർവൈസർ. |
| അടങ്കൽ | 224800(വികസനഫണ്ട്- ജനറൽ) |
| ചെലവ് | 224800 (ബിൽ നം. 7/2016-17.തീയതി.21.03.2017) |

പദ്ധതി പ്രകാരം ആറാം ക്ലാസ്സ് വിദ്യാർത്ഥിയായ ശ്രീശാന്ത്.ഏരത്ത് കണ്ടി മീത്തൽ എന്ന ഗുണഭോക്താവിന് 600 രൂപ നിരക്കിൽ 12 മാസകാലത്തേക്ക് 7200 രൂപ സ്കോളർഷിപ്പ് ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.എന്നാൽ 11.01.2016 തീയതിയിലെ സ.ഉ(എം.എസ്) നം.4/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം അഞ്ച് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 500 രൂപ നിരക്കിലാണ് സ്കോളർഷിപ്പിന് അർഹത.

| | |
|---|---|
| പ്രൊ.നം & പേര് : | 21/2017-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും യാത്രാബത്തയും(പട്ടികജാതി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ. |
| അടങ്കൽ | 50800(വികസനഫണ്ട്- എസ്.സി.പി.) |
| ചെലവ് | 50800 (ബിൽ നം. 8/2016-17.തീയതി.21.03.2017) |

പദ്ധതി പ്രകാരം ഐ.ടി.ഐ വിദ്യാർത്ഥിയായ അനന്തു.കെ.ടി.കൊളപ്പേരിതാഴ എന്ന ഗുണഭോക്താവിന് 400 രൂപ നിരക്കിലും പത്താം ക്ലാസ്സ് വിദ്യാർത്ഥിയായ ശ്രീമോനു.പുള്ളേ്യാത്ത് മീത്തൽ എന്ന ഗുണഭോക്താവിന് 500 രൂപ നിരക്കിലുമാണ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളത്.മേൽ ഗുണഭോക്താക്കൾക്ക് യഥാക്രമം 1000,600 രൂപ നിരക്കിൽ സ്കോളർഷിപ്പിന് അർഹതയുണ്ടായിരുന്നു.

11.01.2016 തീയതിയിലെ സ.ഉ(എം.എസ്) നം.4/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖക്ക് അനുസൃത നിരക്കിൽ മേൽ പദ്ധതികൾ പ്രകാരം സ്കോളർഷിപ്പ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി അധിക നിരക്കിൽ ചെലവഴിച്ച ₹ 1200 നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 എസ് സി പി ഫണ്ട് വിനിയോഗം - മാനദണ്ഡങ്ങൾ പാലിച്ചില്ല

11.1.16 ലെ ജിഒ(എംഎസ്) നം.4/2016/തസ്വഭവ ഉത്തരവിലെ ഭാഗം 4 12.1 (viii, ix) പ്രകാരം പദ്ധതി പ്രയോജനം ലഭിക്കുന്ന മൊത്തം ഗുണഭോക്താക്കളിൽ 50% ൽ കൂടുതൽ പേർ എസ് സി വിഭാഗത്തിൽപ്പെടുന്നവരാണെങ്കിൽ മാത്രമേ പ്രത്യേക ഘടക പദ്ധതി ഫണ്ട് വകയിരുത്താവൂ. ഇക്കാര്യം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യ ഭൂപടം പ്രോജക്ടിനോടൊപ്പം വയ്ക്കേണ്ടതും ആയതിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ സ്ഥാനം, എല്ലാ കുടുംബങ്ങളുടെയും സ്ഥാനം, പട്ടിക ജാതി കുടുംബങ്ങളുടെ സ്ഥാനം (പ്രത്യേക നിറത്തിൽ) എന്നിവയും എല്ലാ ഗുണഭോക്തൃ കുടുംബങ്ങളുടെയും

വിലാസപട്ടികയും ചേർക്കേണ്ടതാണ്. മേൽപ്പറഞ്ഞവ പട്ടിക ജാതി വികസനഓഫീസർ പരിശോധന നടത്തേണ്ടതും സാക്ഷ്യ പത്രം വയ്ക്കേണ്ടതുമാണ്. റോഡ് പ്രവൃത്തികളാണെങ്കിൽ ആയത് കോളനിക്കുള്ളിൽ നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ മേൽ മാനദണ്ഡങ്ങൾ പാലിച്ചില്ല.

| ക്രമ നം | പ്രവൃത്തി | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | അയ്യങ്കാളി റോഡ് പൂർത്തീകരണം 52/17 | 416000 | 416000 |
| 2 | കുഴിപ്പടന്നയിൽ ചെറുമണലിൽ റോഡ് കോൺക്രീറ്റിംഗ് 53/17 | 499000 | 497560 |
| 3 | പുള്ളേ്യാത്ത് മീത്തൽ കോളനി നടപ്പാത 76/17 | 162000 | 146246 |
| | | | 1059806 |

മാനദണ്ഡങ്ങൾ പാലിക്കാതെ പ്രത്യേക ഘടക പദ്ധതി പണം ചെലവഴിച്ചതിന് വിശദീകരണം നല്കിയിട്ടില്ല. 1059806/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ഇ ടോയ് ലറ്റ് - എ എം സി വച്ചില്ല

പ്രോജക്ട് - ഇ ടോയ് ലറ്റ് നവീകരണം 41/17

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 50000 ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് - 44700 ബിൽ നം. 30/16-17 31.3.17

കീഴരിയൂർ അങ്ങാടിയിൽ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിനടുത്തായി 2012 ലാണ് ഇ ടോയ് ലറ്റ് സ്ഥാപിച്ചത്. ആയത് പ്രവർത്തന രഹിതമായതിനാൽ ആയതിന് വാർഷിക അറ്റകുറ്റപ്പണി കരാർ (എഎംസി) വയ്ക്കുന്നതിനായി യന്ത്രം സപ്ലൈ ചെയ്ത മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, യന്ത്രത്തിന്റെ ഒറിജിനൽ സർവിസ് പ്രൊവൈഡറായ ഇറാം സയന്റിഫിക്ക് സോലൂഷനെ അംഗീകരിച്ചതായി അറിയിച്ചു. ഇറാം സയന്റിഫിക്ക് സോലൂഷൻ വാർഷിക കരാർ വയ്ക്കണമെങ്കിൽ യന്ത്രം അറ്റകുറ്റപ്പണി നടത്തി പ്രവർത്തന സജ്ജമാക്കണമെന്ന് കത്തു നല്കി. ഇറാം സയന്റിഫിക്ക് സോലൂഷനെ തന്നെ അറ്റകുറ്റപ്പണി ഏൽപ്പിക്കുകയും 29.3.2017 ന് പ്രവൃത്തി പൂർത്തീകരിച്ച് 44700 രൂപ നല്കുകയും ചെയ്തു. മേൽ പ്രവൃത്തിക്ക് മൂന്നു മാസത്തെ വാറണ്ടിയും സ്ഥാപനം നല്കിയിരുന്നു. എന്നാൽ വാർഷിക മെയിന്റനൻസ് കരാർ ചമയ്ക്കുകയോ തുകയുടെ കാര്യത്തിൽ തീരുമാനത്തിലെത്തുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് തിയ്യതിയിൽ യന്ത്രം പൂർണ്ണമായും പ്രവർത്തന സജ്ജമല്ല. അറ്റകുറ്റപ്പണിക്ക് സ്ഥാപനം നൽകിയ വാറണ്ടി കാലത്തിന് തുടർച്ചയായി എ.എം.സി വയ്ക്കാൻ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും അലംഭാവമുണ്ടായി. യന്ത്രത്തിന്റെ അറ്റകുറ്റപ്പണി പഞ്ചായത്തിന് ബാധ്യതയായി മാറാതിരിക്കുന്നതിന് വാർഷിക കരാർ ചമയ്ക്കേണ്ടതും നിശ്ചിത സമയത്ത് അത് ചെയ്യാതിരുന്നതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 3-9 ഇമ്മ്യൂണൈസേഷൻ മുറി - തുടർ പ്രോജക്ടുകളില്ലാത്തത്

പ്രോജക്ട് - പിഎച്ച്സി ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ 3/17

അടങ്കൽ - 190699 സംരക്ഷണ ഗ്രാന്റ് (റോഡിതരം)

ടിഎസ് AEE/TS/KZYR/66/14-15 8.10.14 600000

(4.2.16ൽ 514005 ആയി റിവൈസ് ചെയ്തു)

എഗ്രിമെന്റ് 17/14-15 29.1.15( supplemental agreement on 9.8.16)

ചെലവ് 263489/- ബിൽ നം. 1/16-17 13.11.16

പിഎച്ച്സിയിൽ ഇമ്മ്യൂണൈസേഷൻ മുറിയും മറ്റ് അനുബന്ധ സൗകര്യങ്ങളുമൊരുക്കുന്നതിനും ആണ് മേൽ പ്രോജക്ട് തയ്യാറാക്കിയത്. 2014-15 ൽ ആരംഭിച്ച മേൽ പ്രവൃത്തിക്കായി 2016-17 വരെ 512134/- രൂപയോളം ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി മേൽ സ്ഥലം അസി. സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടം ഉപയോഗിക്കാതെ മുൻവർഷങ്ങളിൽ വാങ്ങിയ ഫർണിച്ചറുകൾ സൂക്ഷിക്കാനുപയോഗിക്കുന്നതായി കാണുന്നു. ഇലക്ട്രിക്ക് വയറിംഗ് നടത്തിയിട്ടില്ല. വെള്ളം ലഭിക്കാനുള്ള പ്ലംബിങ്ങ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല.



(എം. എസ് ) 4/2016/തസ്വഭവ. തീ.11.01.16 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 6.15(xiii)സി പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രൊജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ, അതെല്ലാം പ്രൊജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അഥവാ അങ്ങിനെ തയ്യാറാക്കിയാൽ അതിന് അംഗീകാരം നല്കുവാനോ പാടില്ല. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രൊജക്ടായി ഏറ്റെടുക്കാവുന്നതാണ്. മേൽ നിബന്ധനകൾക്ക് വിരുദ്ധമായി കെട്ടിടം ഉപയോഗയോഗ്യമാം വിധം പൂർത്തിയാക്കിയില്ലെന്നു മാത്രമല്ല 2017-18 ൽ തുടർ പ്രോജക്ടുകളും തയ്യാറാക്കിയിട്ടില്ല.

പിഎച്ച്സി, ആയുർവേദ ഡിസ്പെൻസറി, വെറ്ററിനറി ഡിസ്പെൻസറി എന്നിവ ഒരേ സ്ഥലത്താണ്. രൂക്ഷമായ ജലദൗർലഭ്യമുള്ള ഇവിടെ ജലസ്രോതസ്സ് നിർമ്മിക്കുവാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ആയതിനു പകരം മുറ്റം ഇന്റർലോക്കിങ്ങ് പോലുള്ള പ്രവൃത്തികൾക്കാണ് പ്രാധാന്യം നൽകിയതും നടപ്പാക്കിയതും.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പരിഹരിക്കാനായി പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. 263489/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 റോഡ് പ്രവൃത്തി സ്പെസിഫിക്കേഷനിൽ നിന്ന് വ്യതിചലിച്ച്നടത്തുന്നു

നിർവ്വഹണം : അസി. .എഞ്ചിനീയർ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 13.2 14 ലെ ഡി.ബി 3/6512/2013/സി.ഇ നമ്പർ ഉത്തരവ് പ്രകാരം 2014-15 വർഷം മുതൽ ഗ്രാമീണ റോഡുകൾ MORD സ്പെസിഫിക്കേഷൻ അനുസരിച്ചാണ് നിർമ്മാണം / അറ്റകുറ്റപ്പണികൾ നടത്തേണ്ടത്. മേൽ സ്പെസിഫിക്കേഷൻ പ്രകാരം സോളിംഗ്, മെറ്റലിംഗ് എന്നീ സബ് ബേസ്, ബേസ് പ്രവൃത്തികൾക്ക് പകരം WMM ( wet mix macadam) പ്രവൃത്തി നടത്തി അതിനു മുകളിൽ പ്രൈം കോട്ട്,ടാക്ക് കോട്ട് എന്നിവ ചെയ്ത് അതിനുശേഷം MSS (mixed seal surfacing) പ്രവൃത്തിയാണ് 20mm ചിപ്പിംഗ് കാർപ്പറ്റ് പ്രവൃത്തിയ്ക്ക് പകരമായി ചെയ്യേണ്ടത്.എന്നാൽ ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ MORD സ്പെസിഫിക്കേഷൻ പ്രകാരമുള്ള WMM ചെയ്തിട്ടുണ്ടെങ്കിലും അതിനുമുകളിൽ MORTH സ്പെസിഫിക്കേഷൻ പ്രകാരമുള്ള പ്രൈം കോട്ട്,ടാക്ക് കോട്ട്, 20mm ചിപ്പിംഗ് കാർപ്പറ്റ്, സീൽകോട്ട് എന്നിവയാണ് ചെയ്തിരിക്കുന്നത്. MORD സ്പെസിഫിക്കേഷൻ പ്രകാരമുള്ള റോഡ് നിർമ്മാണം ഗ്രാമീണറോഡുകളെ സംബന്ധിച്ചിടത്തോളം ഗുണമേന്മ യുള്ളതും ചെലവുകുറഞ്ഞതുമാണെന്നിരിക്കെ, ചെലവേറിയ MORTH സ്പെസിഫിക്കേഷൻ പ്രകാരമുള്ള ടാറിംഗ് പ്രവൃത്തികൾ ചെയ്തത് വിശദീകരണം നല്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തി | ആകെ മൂല്യം | അവസാന ബിൽ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 50/17-നടുക്കണ്ടിമുക്ക് നടുവത്തൂർ ശിവക്ഷേത്രം റോഡ് | 493395 | പാർട്ട് ബിൽ 247123/- |
| 2 | 72/17 താഴത്തു പറമ്പത്ത് പുതിയോട്ടിൽ മുക്ക് റോഡ് | 628058 | പാർട്ട് ബിൽ 26541/- |

273664/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്.

## 3-11 ഇ ടെണ്ടർഫോറം വില പഞ്ചായത്ത്ഫണ്ടിൽ വരവ് വെക്കുന്നില്ല

തൻവർഷം ഇ- ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ 2 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തതായും ടെണ്ടർ ഫോറം വിലയായി 3370 രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ഒടുക്കിയതായും കാണുന്നു. എന്നാൽ ഓഡിറ്റ് തിയ്യതിവരെ മേൽ തുക പഞ്ചായത്ത് തനതുഫണ്ടിലേക്ക് തിരികെ ലഭിച്ചതായി കാണുന്നില്ല. തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ആയുർവേദ ഡിസ്പെൻസറി-മുഴുവൻ മരുന്നുകളും ലഭ്യമായില്ല

2016-17 ലെ പ്രൊജക്ട് നമ്പർ 38/17പ്രകാരം ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് മാനേജിംഗ് ഡയറക്ടർ,ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ കേരള ലിമിറ്റഡ് ഔഷധി യുടെ പേരിൽ (ഡി.ഡി നമ്പർ550600 തീയ്യതി 3-12-2016) മാറാവുന്ന 300000/- രൂപയുടെ ഡിമാൻറ് ഡ്രാഫ്റ്റ് നൽകിയതിന് താഴെ നൽകിയ പ്രകാരം ആകെ 295556/-രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത്.

| ഇൻവോയിസ് നമ്പർ | തീയ്യതി | തുക |
|---|---|---|
| 1655 | 24-10-2016 | 110720/- |
| 2084 | 27-12-2016 | 110812/- |
| 3365 | 15-03-2017 | 6890/- |
| 3426 | 18-03-2017 | 4179/- |
| 90019679 | 29-05-2017 | 7673/- |
| 90023054 | 23-06-2017 | 7930/- |
| 90027277 | 20-07-2017 | 47352/- |
| ആകെ | | 295556/- |

അവശേഷിക്കുന്ന 4444/-രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാവാത്ത മരുന്നിന്റെ വില 4444/-രൂപ തടസ്സപ്പെടുത്തുന്നു. മരുന്നു ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 3-13 പണം അടവാക്കിയിട്ടും മരുന്നുകൾ ലഭ്യമാക്കിയില്ല.

പ്രൊജക്ട് നമ്പർ 64/17

ചെലവ് തുക – 90000/-രൂപ

ബിൽ നമ്പർ 1/17 തീയ്യതി 29.03.2017

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹോമിയോ മെഡിക്കൽ ഓഫീസർ

കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്റേറ്റീവ് ഫാർമസി ലിമിറ്റഡിൻെറ 14.01.2017ലെ പ്രൊഫോർമ ഇൻവോയിസ് നമ്പർ പി.എഫ് 1041 പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് 90,000/- രൂപ നൽകിയെങ്കിലും മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ഹോമിയോ മെഡിക്കൽ ഓഫീസർ ഓഡിറ്റിന് നൽകിയ കുറിപ്പിൽ 2015-16ലെ മരുന്നുകൾ തന്നെ പൂർണ്ണമായും ലഭ്യമായിട്ടില്ല എന്നും 2015-16ലെ 50,330/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് റിവൈസ്ഡ് ഇൻഡൻെറ് നൽകിയതായും പറയുന്നു.സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതും മരുന്നുകൾ ലഭ്യമായതിൻെറ വിവരം അറിയിക്കേണ്ടതുമാണ്. 2016-17 ൽ ചെലവഴിച്ച 90,000/- രൂപ തടസ്സപ്പെടുത്തുന്നു. 2015-16 ലെയും 2016-17 ലെയും മരുന്നുകൾ ലഭ്യമായ വിവരം സ്റ്റോക്ക് രജിസ്റ്റർ, ഇൻവോയ്സ് എന്നിവ സഹിതം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 3-14 തൊഴിൽ രഹിതവേതനം-അപാകതകൾ

2016-17സാമ്പത്തികവർഷത്തിൽ രണ്ടുഘട്ടങ്ങളിലായി തൊഴിൽ രഹിതവേതനം വിതരണം ചെയ്തിട്ടുണ്ട്.2016സെപ്തംബറിൽ ബിൽ നമ്പർ01/2016-17 തീയ്യതി 06.09.16 പ്രകാരം 293520/-രൂപ പിൻവലിച്ചതിൽ 252000/-രൂപ വിതരണം ചെയ്തു.അക്വിറ്റൻസ് രജിസ്റ്ററിലെ (പേജ് 25) ആകെ 312 ഗുണഭോക്താക്കളിൽ 264 പേരാണ് വേതനം വാങ്ങിയത്.രണ്ടാം ഘട്ടത്തിൽ 2017 മാർച്ചിൽ ബിൽനമ്പർ 26/16-17തീയ്യതി 28.3.17 പ്രകാരം പിൻവലിച്ച 222600/-രൂപയിൽ ആകെ 196920/-രൂപയാണ് വിതരണം ചെയ്തത്.അക്വിറ്റൻസ് രജിസ്റ്ററിലെ (പേജ്45) ആകെ 276 പേരിൽ 241 പേർ വേതനം കൈപ്പറ്റി.

ഒന്നാംഘട്ട വിതരണത്തിൽ 41520/-രൂപയും രണ്ടാംഘട്ടവിതരണത്തിൽ 25680/- രൂപയും തിരിച്ചടച്ചിട്ടുണ്ട്.ബില്ലിനൊപ്പം ട്രഷറിയിൽ കൊടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.രണ്ട് തവണ തുടർച്ചയായി തൊഴിൽ രഹിതവേതനം കൈപ്പറ്റാത്ത കാരണത്താൽ റദ്ദ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തൊഴിൽ രഹിതവേതനവിതരണ രജിസ്റ്റർ പരിശോധനയിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് 264 ഗുണഭോക്താക്കൾ ആദ്യ ഘട്ടത്തിലും 241 ഗുണഭോക്താക്കൾ രണ്ടാം ഘട്ടത്തിലും തൊഴിൽ രഹിതവേതനം കൈപ്പറ്റിയതായി കാണുന്നു.പ്രസ്തുത ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പ് പദ്ധതി മുഖേന തൊഴിൽ ലഭ്യമാക്കി തൊഴിൽ രഹിതവേതനവിതരണം നിയന്ത്രണവിധേയമാക്കാവുന്ന നടപടികൾ എടുക്കാവുന്നതാണ്.

## 3-15 നിർവ്വഹണ ഉദ്യോഗസ്ഥനില്ലാത്തതിനാൽ വിദ്യാഭ്യാസ മേഖലയിൽ പ്രോജക്ടുകൾ കുറയുന്നു

കീഴരിയൂർ ഗ്രാമപഞ്ചായത്തിൽ 4 എൽ പി സ്കൂളുകളും 3 യു പി സ്കൂളുകളും 1 ഹൈസ്കൂൾ-ഹയർ സെക്കന്ററി സ്കൂളുമാണുള്ളത്. എല്ലാ സ്കൂളുകളും എയ്ഡഡ് സ്കൂളുകളാണ്. ഗവൺമെന്റ് സ്കൂളുകളില്ലാത്തതിനാൽ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനല്ല. ഹെഡ് മാസ്റ്റർക്ക് പകരം മേഖലാ പരമായ പ്രവർത്തന പരിചയമില്ലാത്ത സെക്രട്ടറിയാണ് പ്രോജക്ട് നടപ്പിലാക്കാൻ ചുമതലപ്പെട്ടത്.

2016-17 വർഷത്തിൽ എസ്എസ്എ വിഹിതം നല്കുന്ന പ്രോജക്ട് മാത്രമാണ് നടപ്പാക്കിയത്. പഞ്ചായത്ത് പ്രദേശത്തെ വിദ്യാർത്ഥികൾക്കും സ്കൂളുകൾക്കും (അടിസ്ഥാന സൗകര്യ വികസനം) ഗ്രാമപഞ്ചായത്ത് പദ്ധതികൾ മൂലം ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങളും വികസന പ്രവർത്തനങ്ങളും നഷ്ടമായി. വികേന്ദ്രീകൃതാസൂത്രണത്തിന്റെ സദ്ഫലങ്ങൾ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയ്ക്ക് ലഭ്യമായില്ല.

സർക്കാരിലേക്ക് അപേക്ഷ നൽകി മേൽ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടതാണ്.

## 3-16 പ്രോജക്ടിനായി തുക മറ്റ് സ്ഥാപനങ്ങൾക്ക് നൽകി - പൂർത്തീകരണ വിവരവും വിനിയോഗ വിവരവുമില്ല

2016-17 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയെങ്കിലും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വിശദമായ വിനിയോഗ വിവരവും പൂർത്തീകരണ വിവരവും ലഭ്യമാക്കിയിട്ടില്ല.

| ക്രമ | പ്രോജക്ട് | തുക ലഭിച്ച | തുക | ബിൽ നം | റിമാർക്സ് |
|---|---|---|---|---|---|

| നം | /നിർവ്വഹണം | സ്ഥാപനം | | | |
|---|---|---|---|---|---|
| 1. | ഐഎവൈ വിഹിതം(എസ് സി പി)27/17<br>അസി സെക്രട്ടറി | മേലടി ബ്ലോക്ക് പഞ്ചായത്ത് | 240000<br>270800<br>229200<br>740000 | 1/16-17 3.1.17<br>4/16-17 21.3..17<br>3/16-17 21.3..17 | ആകെ 740000 രൂപ നല്കിയെങ്കിലും എത്ര ഗുണഭോക്താക്കൾ കരാർ വച്ചുവെന്നോ അവരിൽ എത്ര പേർക്ക് തുക നൽകിയെന്നോ ഉള്ള വിശദമായ വിവരങ്ങൾ ഉൾക്കൊ ള്ളുന്ന വിനിയോഗ വിവരമില്ല. |
| 2 | എസ്.എസ്.എ വിഹിതം നൽകൽ 11/17<br>സെക്രട്ടറി | എസ്എസ്എ | 500000 | 10/16-17 14.12.16 | വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല |
| 3 | സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന 96/17<br>സെക്രട്ടറി | സാമൂഹ്യ സുരക്ഷാ മിഷൻ | 495162<br>4838 | 20/16-17 15.3.17<br>724419/ 22.3.17 | 4838 രൂപ ആശ്വാസകിരണം സ്നേഹപൂർവ്വം എന്നി പദ്ധതികൾക്കായി ഉപയോഗിച്ചതായി അറിയിച്ചെങ്കിലും 495162 രൂപയുടെ വിനിയോഗ വിവരമില്ല |
| 4 | അംഗനവാടി കെട്ടിടം നിർമ്മാണം 98/17 സെക്രട്ടറി | പിഡബ്ല്യുഡി കെട്ടിട വിഭാഗം<br>ചീഫ് എഞ്ചിനീയർ | 159825<br>300600<br>101631<br>17944 | 27/16-17 30.3.17<br>28/16-17 30.3.17<br>29/16-17 30.3.17<br>ഇ-ചലാൻ<br>31/ 30.3.17 | 126 നമ്പർ മിനി അംഗനവാടി കെട്ടിട നിർമ്മാണത്തിനായി ആകെ അടങ്കലിന്റെ 40% തുക (580000) നല്കിയത്. വിനിയോഗ വിവരം, കെട്ടിടത്തിന്റെ പ്ലാൻ, സ്ഥലം ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത വിവരം എന്നിവയില്ല. |
| 5 | എആർ ക്യാമ്പ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 92/17 സെക്രട്ടറി | KSEB | 136250 | 18/16-17 9.3.17 | എആർ ക്യാമ്പ് ഭാഗത്തേക്ക് സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷന വേണ്ടി തുക അടവാക്കി. പൂർത്തീകരണ വിനിയോഗ വിവരമില്ല. |
| 6 | കന്നുകുട്ടി പരിപാലന പദ്ധതി 67/17<br>വെറ്ററിനറി സർജ്ജൻ | അസിഡയറക്ടർ കാഫ് ഫീഡ് | 275000 | 2/16-17 16.3.17 | വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല |

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 2726412/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-17 വാഹന വാടക – അധിക തുക നൽകി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വാർഡുകളിൽ വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുക എന്ന പദ്ധതിയുടെ ഭാഗമായി വനം വകുപ്പിന്റെ വെങ്ങാലിയിലുള്ള സോഷ്യൽ ഫോറസ്റ്റി ഡിവിഷനിൽ നിന്നും 100 വൃക്ഷതൈകൾ വാങ്ങിയതായി കാണുന്നു.മേൽ പ്രവർത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ചെലവുകളുണ്ടായിട്ടുണ്ട്.

വണ്ടി വാടക- 3000 (23 കിലോമീറ്റർ )

തൈകളുടെ വില- 188

കയറ്റിറക്ക് കൂലി- 170

ആകെ- ₹ 3358/-വൗച്ചർ നം- 21600209.തീ-27.7.2016,ചെക്ക് -9515/27.07.17.കെ.ജി.ബി.

മേൽ വൗച്ചർ പ്രകാരം കിലോമീറ്ററിന് 130.5 രൂപ നിരക്കിലാണ് വാഹന വാടക അനുവദിച്ചത്. ആയതിന് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.വാഹന വാടകയിനത്തിൽ ചലവഴിച്ച 3000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 പ്രൊക്യൂർമെന്റ് കമ്മിറ്റി- ചുമതലാ നിർവ്വഹണത്തിൽ വീഴ്ച

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഘടക സ്ഥാപനങ്ങളിലേക്കുമുള്ള സാധന സേവനങ്ങളുടെ സമാഹരണത്തിന് ഏകീകൃത സ്വഭാവവും സുതാര്യതയും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ച 08.11.2010തീയതിയിലെ ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വലിലെ സമാഹരണ സൈക്കിൾ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്.

പഞ്ചായത്ത് അദ്ധ്യക്ഷൻ,സെക്രട്ടറി ,മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച് യോഗം ചേരുന്നുണ്ടെങ്കിലും ഉത്തരവാദിത്വം നിർവ്വഹിക്കുന്നില്ല. വാങ്ങലുകൾ നടത്തുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുക മാത്രമാണ് ചെയ്യുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം 2016-17 സാമ്പത്തികവർഷം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തേണ്ടതും ഉചിതമായ മാർഗ്ഗത്തിലൂടെ വാങ്ങൽ നടപടികൾ ആരംഭിക്കേണ്ടതുമാണ്. കമ്പ്യൂട്ടർ അടക്കമുള്ള ഓഫീസ് ഉപകരണങ്ങൾ,ഫർണ്ണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻ നിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങേണ്ടതാണ്.ലഭ്യമാവുന്ന ടെണ്ടർ/ക്വൊട്ടേഷൻ നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതി നിർവ്വഹണത്തിന് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിലാണ് വാങ്ങലുകൾ നടത്തേണ്ടത്. പ്രസിഡന്റ് ചെയർപേഴ്സണായി വാങ്ങൽകമ്മറ്റി രൂപീകരിക്കേണ്ടതും ഫലപ്രദമായ പ്രവർത്തനത്തിനായി കമ്മിറ്റി സാമ്പത്തിക വർഷം തുടങ്ങുന്നതിനു മുമ്പ് തന്നെ യോഗം ചേരേണ്ടതുമാണ്. സെക്രട്ടറി അഥവാ നിർവ്വഹണോദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതാണ്. വാങ്ങൽ കമ്മിറ്റിയുടെ മേൽ നോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലുമാണ് വാങ്ങൽ ടീം പ്രവർത്തിക്കേണ്ടത്. വാങ്ങലുകൾ നിയമാനുസൃത ഓഡിറ്റിനു പുറമെ സോഷ്യൽ ഓഡിറ്റിനും മോണിട്ടറിംഗിനും വിധേയമാക്കേണ്ടതാണ്.എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള ഇത്തരംനടപടിക്രമങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല.2016-17 വാർഷിക പദ്ധതി കാലയളവിൽ 30/08/2016 തീയതിയിലാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി ആദ്യ യോഗം ചേർന്നത്.വാർഷിക പദ്ധതി കാലയളവിൽ 13.12.2016, 18.01.2017, 09.03.2017, 24.03.2017 തീയതികളിലാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിരിക്കുന്നത്.പ്രസ്തുത യോഗങ്ങളിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ വാങ്ങലുകൾക്ക് അംഗീകാരം നൽകുകയോ വാങ്ങലുകൾ നടത്തുന്നതിന് അനുവാദം നൽകുകയോ മാത്രമാണ് കമ്മിറ്റി ചെയ്യുന്നത്.

2016-17 വർഷത്തിൽ സ്ഥാപനത്തിന്റെയും വിവിധ ഘടക സ്ഥാപനങ്ങളുടെയും ആവശ്യത്തിലേക്കായി ഡെസ്ക്ടോപ് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്.ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും സ്വന്തം നിലയ്ക്ക് വ്യത്യസ്ത രീതികൾ അവലംബിച്ച് വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും വാങ്ങലുകൾ നടത്തിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ പട്ടിക ഒന്നിൽ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥ/ സ്ഥാപനത്തിന്റെ പേര് | ഉപയോഗ ക്രമം | സ്പെസിഫിക്കേഷൻ | വാങ്ങിയ രീതി / സ്ഥാപനം | ചെലവ് തുക (നികുതി സഹിതം) |
|---|---|---|---|---|---|
| 1 | സെക്രട്ടറി<br>കീഴരിയൂർ ഗ്രാമപഞ്ചായത്ത് | Use of word processing, spreadsheets, e-mail, WWW browsing, Web based | ഡെസ്ക്ടോപ് കമ്പ്യൂട്ടർ<br>RAM 4<br>Processor-i3 | ക്വൊട്ടേഷൻ<br>ബിസെയർ പവർ സൊല്യൂഷൻസ്<br>കോഴിക്കോട് | 42890 |

| | | | | | |
|---|---|---|---|---|---|
| | | applications , heavy e-Governance applications,and windows based software Usage. | Hard Disc 1<br>OS - Windows 10<br>warranty- 3 Yr. | | |
| 2 | സെക്രട്ടറി<br>(എം.ജി.എൻ.ആർ.ജി.എസിന് വേണ്ടി) | Use of word processing, spreadsheets, e-mail, WWW browsing, Web<br>based applications and heavy e-Governance applications. | ഡെസ്ക്ടോപ് കമ്പ്യൂട്ടർ<br>RAM - 4GB<br>Processor i3<br>Hard Disc 500 GB<br>OS- Linux | റേറ്റ് കോൺട്രാക്റ്റ്/<br>(2015-16 പ്രകാരം)<br>സ്മാർട്ട് ടെക്നോളജീസ്-കടവന്ത്ര,കൊച്ചി. | 37029 |
| 3 | സെക്രട്ടറി<br>(എം.ജി.എൻ.ആർ.ഇ.ജി.എസിന് വേണ്ടി) | Use of word processing, spreadsheets, e-mail, WWW browsing, Web<br>based applications and heavy e-Governance applications. | ഡെസ്ക്ടോപ് കമ്പ്യൂട്ടർ<br>RAM - 4GB<br>Processor i3<br>Hard Disc 1 TB<br>OS- Linux | ക്വൊട്ടേഷൻ/<br>ബിസെയർ പവർ സൊല്യൂഷൻസ്<br>കോഴിക്കോട് | 32000 |
| 4 | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി. | Use of word processing, spreadsheets, e-mail, WWW browsing, Web<br>based applications and heavy e-Governance applications. | ഡെസ്ക്ടോപ് കമ്പ്യൂട്ടർ<br>RAM - 4GB<br>Processor i3<br>Hard Disc 1 TB<br>OS- Windows 10 | ക്വൊട്ടേഷൻ/<br>ഡോട്ട് കമ്പ്യൂട്ടേഴ്സ് കോഴിക്കോട്. | 44700 |

2016-17 ൽ ഹാർഡ്‌വെയർ ഇനങ്ങൾ വാങ്ങുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ സ്പെസിഫിക്കേഷൻ തയ്യാറാക്കിയിരുന്നില്ല. മേൽ സാഹചര്യത്തിൽ ഐ.ടി.മിഷൻ തയ്യാറാക്കിയ സ്പെസിഫിക്കേഷൻ അടിസ്ഥാനമാക്കിയാണ് കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത്. പട്ടിക പ്രകാരമുള്ള വാങ്ങലുകൾ പരിശോധിച്ചതിൽ നിന്നും പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.

1. വർഷാരംഭത്തിൽ ആവശ്യകതാ നിർണ്ണയം നടത്തി നാല് കമ്പ്യൂട്ടറുകളും ഒന്നിച്ച് വാങ്ങുന്നതിന് പകരം വാങ്ങൽ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരിൽ ചുമതലപ്പെടുത്തുകയാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി ചെയ്തിരിക്കുന്നത്.സ്പെസിഫിക്കേഷൻ നിർണ്ണയിക്കുക, അനിവാര്യതാ പരിശോധന നടത്തുക ,താരതമ്യ റിപ്പോർട്ടുകൾ തയ്യാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലാപരമായ പങ്ക് വഹിച്ചിട്ടില്ല.നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത രീതികളിലൂടെ വാങ്ങൽ നടത്തിയതിനാൽ വാങ്ങലുകൾ ഗ്രാമപഞ്ചായത്തിന് ലാഭകരമാക്കാൻ കഴിഞ്ഞില്ല.

2. നാല് കമ്പ്യൂട്ടറുകളിൽ ഗ്രാമപഞ്ചായത്തിന്റെ ഉപയോഗത്തിനായി വാങ്ങിയ ക്രമ നം.1 ഒഴികെയുള്ള 3 കമ്പ്യൂട്ടറുകളും വിൻഡോസ് അധിഷ്ഠിത സോഫ്റ്റ്‌വെയറുകൾ വിന്യസിക്കേണ്ടതില്ലാത്തവയാണെന്ന് കാണാം.എന്നാൽ ക്രമ നംപർ 4 പ്രകാരം പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ക്വൊട്ടേഷൻ ക്ഷണിച്ച് 44700 രൂപ (ബിൽ നം 09/16-17,തീയതി.23.03.2017) ചെലവഴിച്ച് വാങ്ങിയ കമ്പ്യൂട്ടറിനൊപ്പം വിൻഡോസ് 10 ഓപ്പറേറ്റിംഗ് സിസ്റ്റവും വാങ്ങിയതായി കാണുന്നു.സമാന സ്പെസിഫിക്കേഷനുള്ള ക്രമനമ്പർ 3 പ്രകാരമുള്ള കമ്പ്യൂട്ടറിന് 32000 രൂപ മാത്രമാണ് സെക്രട്ടറി ചെലവഴിച്ചിട്ടുള്ളത്.ഇതിൽ നിന്നും പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ 12700 രൂപ

വിൻഡോസ് 10 ഓപ്പറേറ്റിംഗ് സിസ്റ്റത്തിനായി ചെലവഴിച്ചുവെന്ന് വ്യക്തമാകുന്നു. ഉപയോഗ ക്രമം പരിഗണിക്കാതെ വാങ്ങൽ നടപടികൾ സ്വീകരിച്ചതിലൂടെ പഞ്ചായത്തിന് 12700 രൂപയുടെ അനാവശ്യ ചെലവ് വന്നിട്ടുണ്ട്.ആയതിന് പ്രൊക്യൂർമെന്റ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും ഉത്തരവാദികളാണ്.

3. പട്ടികയിലെ ക്രമ നം.2 പ്രകാരം ഡി.ജി.എസ്&ഡി റേറ്റ് കോൺട്രാക്കുള്ള (2015-16 വർഷത്തേക്ക്) സ്മാർട് ടെക്നോളജീസ് ,കടവന്ത്ര,കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നും ഡെസ്ക്ടോപ് കമ്പ്യൂട്ടർ 37029 രൂപ നിരക്കിൽ നേരിട്ട് വാങ്ങുകയാണുണ്ടായത്. 31674 രൂപ നിരക്കുള്ള (30166+ 5% നികുതി) ചിപ്സെറ്റ് ഒഴികെ സമാന സ്പെസിഫിക്കേഷനിലുള്ള മറ്റൊരു കമ്പ്യൂട്ടറും പ്രസ്തുത സ്ഥാപനത്തിന്റെ റേറ്റ് കോൺട്രാക്ട് ലിസ്റ്റിലുൾപ്പെട്ടിരുന്നു.എന്നാൽ 37029 രൂപ വിലയുള്ള കമ്പ്യൂട്ടറാണ് പഞ്ചായത്ത് വാങ്ങിയിട്ടുള്ളത്.ചിപ്സെറ്റ് സീരിസൊഴികെ ഇവ തമ്മിൽ മറ്റ് അന്തരങ്ങളില്ല. താരതമ്യ റിപ്പോർട്ട് തയ്യാറാക്കാതെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്.ആയതിനാൽ 5355 രൂപ അധിക വിലയുള്ള കമ്പ്യൂട്ടർ വാങ്ങാനിടയായ സാഹചര്യം വിശദീകരിക്കപ്പെടേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.ലിനക്സ് പോലുള്ള സൗജന്യ ഓപ്പറേറ്റിംഗ് സിസ്റ്റത്തെ തഴഞ്ഞ് വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിനായി ചെലവഴിച്ച 12700 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-19 പദ്ധതി ചെലവ് കുറയുന്നതിനാൽ ബഡ്ജറ്റ് വിഹിതം നഷ്ടപ്പെടുന്നു

ഓഡിറ്റ് വർഷം അസി. എഞ്ചിനീയർക്ക് ചുമതലയുണ്ടായിരുന്ന 26 പ്രോജക്ടുകളിൽ 14 എണ്ണം മാത്രമാണ് നിർവ്വഹണം നടത്തിയത്. അസി. എഞ്ചിനീയർ വിവിധ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയുടെ 48 ശതമാനവും വി.ഇ.ഒ 22% ഉം മാത്രമാണ് ചെലവഴിച്ചത്. ഇത് ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ , പശ്ചാത്തല മേഖലാ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

2016-17

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 8 | 1206842 | 1187410 | 98 |
| 2 | വെറ്ററിനറി സർജ്ജൻ | 5 | 5 | 1259000 | 1254000 | 99 |
| 3 | മെഡിക്കൽ ഓഫീസർ ( പി. എച്ച്. സി ) | 5 | 4 | 819324 | 613689 | 75 |
| 4 | മെഡിക്കൽ ഓഫീസർ ( ഹോമിയോ ) | 1 | 1 | 90000 | 90000 | 100 |
| 5 | മെഡിക്കൽ ഓഫീസർ ( ആയുർവേദം ) | 2 | 1 | 350000 | 300000 | 86 |

| | | | | | | |
|---|---|---|---|---|---|---|
| 6 | വി. ഇ. ഒ | 12 | 8 | 7235719 | 1590001 | 22 |
| 7 | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 5 | 5 | 2845136 | 2450404 | 86 |
| 8 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 425000 | 425000 | 100 |
| 9 | സെക്രട്ടറി | 15 | 11 | 2923681 | 2500005 | 86 |
| 10 | അസി. എഞ്ചിനീയർ | 26 | 14 | 9067522 | 4354543 | 48 |
| 11 | അസി. സെക്രട്ടറി | 3 | 2 | 1204000 | 1040000 | 86 |

പ്രൊജക്ടുകൾക്കായി വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുന്നതിനും ബജറ്റ് വിഹിതത്തിൽ കുറവുണ്ടാകാതെയിരിക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണ സമിതിയും ക്രിയാത്മകമായി ഇടപെടേണ്ടതാണ്.

2015-16, 2016-17 വർഷങ്ങളിലെ പദ്ധതി ചെലവിന്റെ വിശദവിവരം

2015-16

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5618000 | 1487000 | 6822167 | 8309167 | 8309167 | 100 | 0 |
| വികസനഫണ്ട് എസ്.സി.പി. | 2386000 | 0 | 2386000 | 2386000 | 2385950 | 99.9 | 50 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് | 4896000 | 1282299 | 4896000 | 6178299 | 5945781 | 96 | 232518 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2857000 | 0 | 2628555 | 2628555 | 2628555 | 100 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1065515 | 0 | 1065515 | 1065515 | 100 | 0 |

2016-17

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5575000 | 0 | 6923064 | 6923064 | 6017007 | 87 | 906057 |
| വികസനഫണ്ട് എസ്.സി.പി. | 2672000 | 0 | 2672337 | 2672337 | 1879806 | 70 | 792531 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് | 5392000 | 0 | 5391414 | 5391414 | 2456640 | 46 | 2934774 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3432000 | 0 | 3881936 | 3881936 | 2064235 | 53 | 1817701 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 2033213 | 2033213 | 1136053 | 56 | 897160 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| എ.ഡി.എ മേലടി ബ്ലോക്ക് | 2016-17 | 31745 | കൃഷിക്കാർക്ക് ഗാർഡൻ ടില്ലർ | 31745 | - |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2016-17 | 325000 | പാലിന് സബ്സിഡി | 325000 | - |
| കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പഞ്ചായത്ത് | 2016-17 | 36000 | സമഗ്ര നെൽകൃഷി വികസന പദ്ധതി | 36000 | - |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി | എആർ ക്യാമ്പ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 92/17 | 18/16-17 9.3.17 | 136250 | | 136250 |
| പിഡബ്ല്യുഡി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ | അംഗനവാടി കെട്ടിടം നിർമ്മാണം 98/17 | 27/16-17 30.3.17<br>28/16-17 30.3.17<br>29/16-17 30.3.17<br>ഇചലാൻ 31/ 30.3.17 | 159825<br>300600<br>101631<br>17944 | | 159825<br>300600<br>101631<br>17944 |

| | | | | | |
|---|---|---|---|---|---|
| | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാ.ധാ ) 407/2010 /ത.സ്വ.ഭ.വ | 52,50,000 | 969838 | 838181 | - | 131657 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9142/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 3-1 | 2673 | സന്തോഷ് കുമാർ , എ. ഇ , എൽ എസ്. ജി.ഡി | 11601100415 തീയതി 1-8-2016 |
| 2013-14 | 3-10 | 1546 | പി. രാജു, കോൺട്രാക്ടർ | 11601100722 തീയതി 14-10-2016 |
| 2013-14 | 3-10 | 4923 | ബീരാൻ, കോൺട്രാക്ടർ | 1160110093 തീയതി 30-4-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-2000 | 27 എ | 2003-04 | 7-7 | കാലഹരണപ്പെട്ട കെട്ടിട നികുതി |
| 1999-2000 | 38 | 2003-04 | | പൊതു |

| | | | | |
|---|---|---|---|---|
| | | | | പരാമർശം |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 35554016 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36276717 |
| വരവിനങ്ങളിലുള്ള നഷ്ടം | 1481 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 35504 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4529276 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർച്ചാർജ്ജ് | |
| 2-2 | 1481 | | ശ്രീമതി. ടി.കെ. ഉഷ, സെക്രട്ടറി |
| 3-2 | | 25475 | ശ്രീമതി. സിനി. പി, അസി. എഞ്ചിനീയർ |
| 3-3 | | 3839 | ശ്രീമതി. സിനി. പി, അസി.എഞ്ചിനീയർ |
| 3-4(1) | | 4990 | ഡോ. വി. വിക്രം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-6 | | 1200 | ശ്രീമതി. ജമീല. കെ, ഐസിഡിഎസ് സൂപ്പർവൈസർ |
| | 1481 | 35504 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4(2) | 45761 | ഡോ.വി.വിക്രം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-4(3) | 50000 | |
| 3-7 | 1059806 | ശ്രീമതി. സിനി. പി, അസി. എഞ്ചിനീയർ |
| 3-9 | 263489 | ശ്രീമതി. സിനി. പി, അസി. എഞ്ചിനീയർ |
| 3-10 | 273664 | |
| 3-12 | 4444 | ഡോ. ഷംസുദ്ദീൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-13 | 90000 | ഡോ.രാജീവ്.ജി.നായർ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-16 | 2726412 | ശ്രീ. സുന്ദരരാജൻ. കെ, അസി. സെക്രട്ടറി - 740000 |

| | | |
|---|---|---|
| | | ശ്രീ. സുരേഷ്. പി, സെക്രട്ടറി - 171142<br>ശ്രീ. മുസ്തഫ. കെ. ടി, വെറ്ററിനറി സർജ്ജൻ 275000 |
| 3-17 | 3000 | ശ്രീമതി. കെ. വി സുനിലകുമാരി, സെക്രട്ടറി |
| 3-18 | 12700 | ഡോ. വി. വിക്രം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| | 4529276 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സിനി. പി, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, കീഴരിയൂർ ഗ്രാമ പഞ്ചായത്ത് | കല്ലൂർ വീട്,പൂനക്കന്നൂർ പെരുമ്പുഴ |
| ശ്രീമതി. ജമീല. കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കീഴരിയൂർ ഗ്രാമ പഞ്ചായത്ത് | കനവ്, പുറക്കാട് പിഒ, തിക്കോടി,കോഴിക്കോട് |
| ശ്രീമതി. ടി. കെ. ഉഷ, സെക്രട്ടറി | സെക്രട്ടറി, കീഴരിയൂർ ഗ്രാമ പഞ്ചായത്ത് | മംഗള വീട്, വെസ്റ്റ്ഹിൽ പി.ഒ, കോഴിക്കോട് |
| ഡോ. വി. വിക്രം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കീഴരിയൂർ ഗ്രാമ പഞ്ചായത്ത് | ചിരാഗ്, കൊയിലാണ്ടി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്,കെ.കെ.ഡി.പി.9/24/13/7.5.13 | 1 |
| 1999-00 | എൽ.എഫ്,കെ.കെ.ഡി.എസ്.2/640/03/6.9.2013 | 2 |
| 2001-02 | എൽ.എഫ്,കെ.കെ.ഡി.പി.9/24/13/7.5.13 | 2 |
| 2003-04 | എൽ.എഫ്,കെ.കെ.ഡി.പി.4/649/10/9.8.10 | 1 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്,കെ.കെ.ഡി.പി.4/645/09/8.9.09 | 4 |
| 2005-06 | എൽ.എഫ്,കെ.കെ.ഡി.പി.4/646/09/6.5.09 | 4 |
| 2006-07 | എൽ.എഫ്,കെ.കെ.ഡി.പി.4/1582/09/29.4.10 | 6 |
| 2007-08 | എൽ.എഫ്,കെ.കെ.ഡി.പി.9/1629/11/13.7.11 | 16 |
| 2008-09 | എൽ.എഫ്,കെ.കെ.ഡി.പി.9/1029/12/2.11.12 | 16 |
| 2009-10 | എൽ.എഫ്,കെ.കെ.ഡി.പി.9/1352/12/2.5.13 | 20 |
| 2010-11,<br>2011-12 | എൽ.എഫ്,കെ.കെ.ഡി.പി.9/833/13/25.11.13 | 12 |
| 2012-13 | എൽ.എഫ്,കെ.കെ.ഡി.പി.2/1433<br>/2014/26.8.2014 | 12 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.പി.1/726/2016/9.5.16 | 18 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.1/70/2017/24.1.17 | 11 |

]

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.1/1640/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി-20.09.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികപരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

No.KSA/KKD/P.1/1640/2017

Kerala State Audit Department
District Audit Office
Civil Station, Kozhikode
Ph. 0495 – 2371012
Dated- 20.09.2017

# Audit Certificate

Certified thaht I have audited the Annual Financial Statement of Keezhariyoor Grama Panchayath in Kozhikode District for the year ended on 31.03.2017 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Keezhariyoor Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kozhikode.